ANUAL SUBSCRIPTION RS. 60/- ONLY
RS. 5/- PER COPY

# യാക്കോബ്യൻ

2009, OCTOBER

YAKKOOBYAN MONTHLY



# വാർത്തകൾ

## ഡോ. ഡി. ബാബുപോളിന് എബണ്ടൻസ് അവാർഡ്

യു.സി.എംന്റെ ഈ വർഷത്തെ എബണ്ടൻസ് അവാർഡിന് ഡോ. ഡി. ബാബുപോൾ (മുൻ ചീഫ് സെക്രട്ടറി) അർഹനായി. ഒക്ടോബർ 10ന് തിരുവനന്തപുരം സെന്റ് പീറ്റേഴ്സ് യാക്കോബായ പള്ളിയിൽ പ്രസിഡന്റ് ഷെവ. കോശി എം. ജോർജ്ജിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ ശ്രേഷ്ഠ കാതോലിക്ക മാർ ബസ്സേലിയോസ് തോമസ് പ്രഥമൻ ബാവയും മേജർ ആർച്ച് ബിഷപ്പ് മാർ ബസ്സേലിയോസ് ക്ലിമ്മീസ് ബാവയും ചേർന്ന് സമ്മാനിക്കും. നല്ല വാഗ്മിയും വേദപുസ്തകപരമായും അല്ലാതെയും ധാരാളം പുസ്തകം രചിച്ചിട്ടുള്ള ഡോ. ബാബുപോളിന് പ. പാത്രിയർക്കീസ് ബാവ തിരുമനസ്സ് കൊണ്ട് നിരവധി സ്ഥാനമാനങ്ങൾ നല്കി അനുഗ്രഹിച്ചിട്ടുണ്ട്. കുറുപ്പുംപടി യാക്കോബായ പള്ളി ഇടവകാംഗമാണ്.

## ഡീ. പ്രിൻസ് മണ്ണത്തൂരിന് ഉന്നത വിജയം



റോമിലെ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ മാസ്റ്റർ ഓഫ് തീയോളജി (സഭാചരിത്രം) പരീക്ഷയിൽ 91% മാർക്കോടെ ഡീ. പ്രിൻസ് ഉന്നതവിജയം കരസ്ഥമാക്കി സഭാചരിത്ര ഡിപ്പാർട്ടിമെന്റിലെ രണ്ടാം റാങ്ക് നേടി.

ഇറ്റലിയിലെ റോമിൽ ആദ്യമായി മലങ്കര യാക്കോബായ സുറിയാനി സഭക്ക് കുറിയോക്കോസ് മാർ തെയോഫിയോസ് തിരുമേനിയുടെ അനുഗ്രഹാശിസ്സുകളോടെ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പ്രെയർ ഫെലോഷിപ്പ് എന്ന പേരിൽ ഒരു കോൺഗ്രിഗേഷൻ ആരംഭിക്കുകയും അതിന്റെ പ്രസിഡന്റായും യൂറോപ്യൻ യൂണിയൻ ഓറിയന്റൽ ഓർത്തഡോക്സ് തിയോളജിക്കൽ ഫോറത്തിന്റെ (EVOOTSF) ജനറൽ സെക്രട്ടറിയായും ശെമ്മാശൻ വിവിധ രാജ്യങ്ങളിൽ സഭയെ പ്രതിനിധീകരിച്ച് സഭാചരിത്ര സെമിനാറുകളിൽ പങ്കെടുത്തിട്ടുണ്ട്. മലയാളം, ഇംഗ്ലീഷ്, ഇറ്റാലിയൻ ഭാഷകളിലായി ഏഴോളം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. സുറിയാനിക്കാരുടെ നിത്യ നമസ്ക്കാരക്രമം ഇറ്റാലിയൻ ഭാഷയിലേക്ക് വിവർത്തനം ചെയ്തിട്ടുണ്ട്.

റോമൻ കത്തോലിക്കാ സഭയുടെ ആരാധനാ ദൈവശാസ്ത്രത്തിന്റെ ലോകത്തിലെ ഏറ്റവും ഉന്നത യൂണിവേഴ്സിറ്റിയായ സെന്റ് അൻസലേം പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് സുറിയാനി ആരാധനാ ദൈവശാസ്ത്രത്തിൽ ഒന്നാം റാങ്കോടെ പഠനം പൂർത്തിയാക്കിയ ശെമ്മാശൻ ഇപ്പോൾ ഓറിയന്റൽ യൂണിവേഴ്സിറ്റിയിൽ ഡോക്ടറേറ്റ് ചെയ്യുന്നു. ശെമ്മാശന് യാക്കൂബ്യന്റെ ആശംകൾ.

## യു. സി. എം. ഐക്യ സുവിശേഷയോഗം

യുണൈറ്റഡ് ക്രിസ്ത്യൻ മൂവ്മെന്റിന്റെ ഈ വർഷത്തെ ഐക്യ സുവിശേഷയോഗം സി.എസ്.ഐ ക്രൈസ്റ്റ് ചർച്ചിൽവച്ച് ഒക്ടോബർ 2,3,4 തീയതികളിൽ നടന്നു. ചിറ്റൂർ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ. ജോബ് കൂട്ടുങ്കൽ ടീം വചനപ്രഘോഷണം നടത്തി.

## ബൈബിൾ സൊസൈറ്റി വാർഷികയോഗം

ബൈബിൾ സൊസൈറ്റി 53-ാം സംസ്ഥാന വാർഷികയോഗം ടി.ജെ.എം. ഹാളിൽ സെപ്റ്റംബർ 27ന് നടന്നു. ഡോ. ബി.കെ. പ്രാണികം വിവിധ സഭാമേലദ്ധ്യക്ഷന്മാർ പങ്കെടുത്തു. റവ. ഡോ. എൽ.ഇ. സഹനം, സി.ആർ. ക്ലീറ്റസ് ഡാനിയൽ, ഷെവ. കോശി എം. ജോർജ്ജ്, പി. തോമസ് കോശി തുടങ്ങിയവർ നേതൃത്വം നല്കി.

## ലൗവ് ജിഹാദ്, റോമിയോ ജിഹാദ് ഹൈക്കോടതി വിശദീകരണം തേടി

പെൺകുട്ടികളെ പ്രണയം നടിച്ച് സ്കൂൾ-കോളജുകളിൽ നിന്നും, ട്രെയിൻ യാത്രവേളകൾ പ്രയോജനപ്പെടുത്തിയും മതപരിവർത്തനം നടത്തുന്ന റോമിയോ ജിഹാദ്, ലൗവ് ജിഹാദ് മൂവ്മെന്റിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നല്കാൻ കേന്ദ്ര-സംസ്ഥാന ഗവ.കളോടെ ഹൈക്കോടതി ആവശ്യപ്പെട്ടു. മതപരിവർത്തനത്തിനും വിവാഹത്തിനും ശേഷം സ്വത്ത് തട്ടിയെടുക്കുന്ന നിഗൂഢ ഉദ്ദേശവുമുണ്ട്. പെൺകുട്ടികളെ മാത്രമല്ല ഹിന്ദു-ക്രിസ്ത്യൻ ആൺകുട്ടികളേയും ഇത്തരത്തിൽ പരിവർത്തനം നടത്തുന്നുള്ളതായി റിപ്പോർട്ടുണ്ട്. പ്രണയത്തിലൂടെ വലയിലാക്കുന്ന യുവാക്കളെ സുരക്ഷിതമായി താമസിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ ഉള്ളതായും സംശയമുണ്ട്. ഇവിടെവച്ച് ഇവർക്ക് മതപഠന ക്ലാസുകൾ നടത്തുകയും തിരികെ പോകാൻ കഴിയാത്ത സി.ഡി. മൊബൈൽ മുതലായ ഉപയോഗപ്പെടുത്തി വലയലിലാക്കുകയാണ്. പശ്ചിമബംഗാളിലും കേരളത്തിലുമാണ് ഇത് കൂടുതൽ നടക്കുന്നതായാണ് റിപ്പോർട്ടുകൾ.

ഇക്കാര്യത്തിൽ ക്രൈസ്തവ സഭകൾ നമ്മുടെ യുവാക്കൾക്ക് മുന്നറിയിപ്പ് കൊടുക്കേണ്ടതും മാതാപിതാക്കൾ മക്കളെ ബോധവത്ക്കരിക്കേണ്ടതുമാണ്. യാത്രയിൽ പരിചയപ്പെടുകയും ഫോൺ നമ്പർ വാങ്ങി നിരന്തരമായി ബന്ധപ്പെട്ടും പ്രലോഭനങ്ങൾ നല്കിയും സ്നേഹബന്ധം നടിച്ചും ഒടുവിൽ ഭീഷണി മുഴക്കിയും ലക്ഷ്യം നേടുന്നു. കാമ്പസ് പ്രണയവും ഉണ്ട്. പ്രൊഫഷണൽ വിദ്യാർത്ഥികളാണ് കൂടുതൽ വലയിൽ അകപ്പെടുന്നത്. ഹൈക്കോടതിയിൽ ഇപ്പോൾ വളരെയധികം കേസുകൾ വന്നുകൊണ്ടിരിക്കുന്നതായാണ് റിപ്പോർട്ട്. പരാതിപ്പെടാത്ത ആയിരക്കണക്കിനു കേസുകളും ഉണ്ട്.

എഡിറ്റോറിയൽ

# വി. മദ്ബഹയിലെ ശുശ്രൂഷകരേ ഒരു നിമിഷം!

"കർത്താവേ തിരുനിവാസം എത്ര മനോഹരം"

ദൈവമായ കർത്താവിന്റെ തിരുനിവാസത്തിൽ ശുശ്രൂഷ ചെയ്യുന്നത് എത്ര ഭാഗ്യമാണ്. സത്യസായി ബാബയുടേയും മാതാ അമൃതാനന്ദമായിയുടേയും മഠങ്ങളിൽ ശുശ്രൂഷ ചെയ്യുന്നതിന് ആയിരങ്ങൾ അഹമഹമിഹയാ താല്പര്യം പ്രകടിപ്പിക്കുകയും തൂപ്പുജോലിയും കക്കൂസുകൾ വൃത്തിയാക്കുന്നതും ഉൾപ്പെടെ മാറിമാറി ഗ്രൂപ്പായി ചെയ്യുന്നു. അത് അവർ ഭാഗ്യമായി അനുഗ്രഹമായി കടമയായി കരുതി ആത്മാർത്ഥതയോടെ സ്വയം മറന്നു പ്രവർത്തിക്കുമ്പോൾ ദൈവത്തിന്റെ ആലയത്തിൽ കർത്താവിനുവേണ്ടി അവനെ ആരാധിക്കാൻ, ആരാധന മനോഹരവും ദൈവീകവുമാക്കാൻ ശുശ്രൂഷകർക്ക് വലിയ കടമയും പങ്കുമുണ്ട്. അത് ഒരു അനുഗ്രഹവുമാണ്. പരിതാപകരമെന്നു പറയട്ടെ ഇന്ന് ശുശ്രൂഷക്കായി ആളുകളെ പ്രത്യേകിച്ച് യുവാക്കളെ കിട്ടാനില്ല. പ്രൊഫഷണൽ വിദ്യാഭ്യാസത്തിനു പ്രാധാന്യം കൂടിയതോടെ വിദ്യാർത്ഥികൾക്ക് തിരക്ക് വർദ്ധിച്ചു. കൂടാതെ ഇതിനോടെ താല്പര്യമില്ലായ്മയും കുറച്ചിലും അനുഭവപ്പെടുന്നു. കുടുംബങ്ങളിലെ യുവാക്കളുടെ കുറവും മറ്റൊരു കാരണമാണ്. ഇത്തരുണത്തിലാണ് രാജ്യത്തെ ഏറ്റവും വലിയ ഉദ്യോഗസ്ഥന്മാരിൽ ഒരുവനായിരുന്ന ബാബുപോൾ ഐ.എ.എസ് നെപ്പോലുള്ളവർ ഇന്നും ശുശ്രൂഷ ചെയ്യുന്നതിൽ അനുഭൂതി ദർശിക്കുന്നത് നാം അത്ഭുതത്തോടെ കാണുന്നത്. ദൈവീകശുശ്രൂഷയിൽ ആനന്ദം കാണുവാൻ അനുഗ്രഹം നേടുവാൻ യുവാക്കൾ തയ്യാറാകണം. ഇനി കാര്യത്തിലേക്ക് കടക്കട്ടെ. നമ്മുടെ പല ദൈവാലയങ്ങളിലേയും ആരാധന സമ്പുഷ്ടവും ദൈവീകാനുഭവുമാക്കുന്നതിൽ ശുശ്രൂഷകർ അനാസ്ഥയും അലംബാവും കാണിക്കുന്നു എന്നത് ഖേദകരമാണ്. വി. മദ്ബഹയിൽ ഓടി നടക്കുക സന്ദർഭത്തിനൊത്ത് പെരുമാറാതെ ഭയഭക്തിയോടെയല്ലാതെ നിലകൊള്ളുക ഇവയൊക്കെ ആരാധനയെ വെറും യാന്ത്രികമാക്കുന്നു, ചടങ്ങാക്കുന്നു.

ആരാധനക്ക് അടുക്കുംചിട്ടയും ഉണ്ടാക്കാൻ ശുശ്രൂഷകർക്കുള്ള പങ്ക് ചെറുതല്ല. വി. മദ്ബഹായിലെ ഓരോ ചലനത്തിലും ത്രോണോസാകുന്ന സിംഹാസനത്തിൽ രാജാധിരാജനായ കർത്താവിന്റെ സാന്നിദ്ധ്യം അപ്പവീഞ്ഞുകളിൽ ദർശിക്കണം. വെറുമൊരു ചടങ്ങായി മാറ്റരുത്. യോഗ്യമായതും പ്രാർത്ഥനാധിഷ്ഠിതവുമായ ജീവിതം നയിക്കുന്നവരും കർത്താവിന്റെ ശുശ്രൂഷയിൽ ആത്മാർത്ഥമായ പങ്കാളിത്വം ആഗ്രഹിക്കുന്നവരും മാത്രമേ വി. മദ്ബഹായിൽ ശുശ്രൂഷകരാകാവൂ. താഴെ നിൽക്കുന്നവർ മോശമായതുകൊണ്ട് മുകളിൽ മറയ്ക്കുള്ളിൽ നില്ക്കാനും കാണിക്കയിടാതിരിക്കാനും മറ്റുള്ളവരുടെ മുമ്പിൽ യോഗ്യനും ദൈവീകനുമെന്നു ധരിപ്പിക്കാനും ശുശ്രൂഷകരാകുന്നവരുണ്ട്. അവർ ഒന്നുകൂടി ചിന്തിക്കണം.

ഉപവാസത്തോടും വിശുദ്ധിയോടും മാത്രമേ വി. ശുശ്രൂഷയിൽ പങ്കാളികളാവൂ. വി. മദ്ബാഹായിൽ ധൂപക്കുറ്റി കത്തിക്കുന്നതുമുതൽ ചെറുമണികളും മറുവാസകളും കിലുക്കുന്നതും വായിക്കുന്നതും പാടുന്നതും എന്തിന് നടക്കുന്നതും എല്ലാം ഭയഭക്തി ആദരവുകളോടെ വലിയവനായ ദൈവത്തിന്റെ മുമ്പാകെ അവനെ ആരാധിക്കുന്നതിനുവേണ്ടിയാണ് എന്ന് ഓർത്തുവേണം പ്രവർത്തിക്കാൻ. സമയത്ത് എത്തുകയും നമസ്ക്കാരങ്ങളിൽ ശുശ്രൂഷക്കുപ്പായം നിർബന്ധമായും ധരിക്കണം. വെള്ള വസ്ത്രം ഉത്തമം. ഹൂസോയോ പ്രാപിച്ച് വി. കുർബാന അനുഭവിക്കുന്നത് നന്നായിരിക്കും. പ്രൊമിയോൻ-സെദറാ നമസ്ക്കാരം കഴിയുന്നതുവരെ ധൂപാർപ്പണം അവസാനിപ്പിക്കരുത്. ശുശ്രൂഷക്കുപ്പായം ധരിക്കുമ്പോൾ ആയതിനുള്ള പ്രാർത്ഥന ചൊല്ലിയിരിക്കണം. കൂടാതെ പഴമ വായനക്കുശേഷം ചിട്ടയായി നിരനിരയായി തെക്കുവശത്തുകൂടി വി. ത്രോണോസ്, വി. ഏൻഗോലിയോൻ ഇവ മുത്തി ഇരുവശങ്ങളിലായി ജനങ്ങൾക്ക് ആരാധന ദർശിക്കുവാൻ തടസ്സമുണ്ടാകാത്ത രീതിയിൽ നില്ക്കണം. വടക്കുവശത്തുകൂടി മാത്രമേ വി. മദ്ബഹായിൽ നിന്നിറങ്ങാവൂ. വി. ത്രോണോസിനെ കുറുകെ കടക്കാതിരിക്കാൻ കഴിവുന്നത്ര ശ്രദ്ധിക്കുക.

പരസ്പരം സംസാരിക്കാതെയും അലക്ഷ്യമായി നില്ക്കാതെയും മദ്ബാഹയുടെ വിശുദ്ധിയും ഭംഗിയും ആരാധനയുടെ മഹത്വവും നഷ്ടപ്പെടാതെ ശ്രദ്ധിക്കണം. ശ്ലീഹാവായനക്ക് മറ്റൊരാൾ മെഴുകുതിരി കത്തിച്ച് അടുത്തുനില്ക്കണം. വൈദീകരുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണം. ശുശ്രൂഷകരുടെ മേൽ നിയന്ത്രണവും അധികാരവും വികാരിമാർക്കാണ്. വി. കുർബാനയപ്പം വിശുദ്ധിയോടെ സന്ധ്യാപ്രാർത്ഥനക്കുശേഷം 51-ാം സങ്കീർത്തനം ഉരുവിടുകയും വേണം. പുളിപ്പും ഉൾപ്പെടെ കുർബാനക്കുള്ള വസ്തുക്കൾ വിശുദ്ധമായി മദ്ബാഹായിലെ തെക്കേ മുറിയിലെ നല്ല അലമാരിയിലോ സൂക്ഷിക്കണം. നമസ്ക്കാരത്തിനു മുമ്പും വി. കുർബാനക്കു മുമ്പും സന്ധ്യയിൽ നിലവിളക്കു കൊളുത്തിയതിനു ശേഷവും അഭി. തിരുമേനിമാർ വരുമ്പോഴും പോകുമ്പോഴും മരിച്ചവരുടെ പള്ളിയിലേക്കുള്ള രാജകീയ യാത്ര അറിയിച്ചും പള്ളിമണി അടിക്കേണ്ടതാണ്. ആരാധനയിൽ ആവശ്യമായ സമയത്ത് പള്ളിക്കുള്ളിലെ മണി അടിക്കാനും ശ്രദ്ധിക്കുക. വി. മദ്ബഹായിലുപയോഗിക്കുന്ന സോപ്പും തുവാലയും മറ്റു കാര്യങ്ങൾക്ക് ഉപയോഗിക്കരുത്. ധൂപം വീശുന്ന വേളകളിൽ ശുശ്രൂഷക്കുപ്പായം നിർബന്ധമായും ധരിക്കണം. അഭി. മെത്രാപ്പോലീത്താമാർ പള്ളിയിൽ എഴുന്നെള്ളുമ്പോൾ മറവലിച്ച് ലൂത്തിനിയായ്ക്കു സൗകര്യമൊരുക്കേണ്ടതാണ്. ആയതിനാൽ ഇതൊരു ശുശ്രൂഷയല്ല. ദൈവീക ശുശ്രൂഷയാണ്. സ്വർഗ്ഗത്തിൽ മാലാ

# “ദൈവാലയം” - “പാവനമാം ദൈവത്തിന്റെ വാസസ്ഥലം”

**റ്റി.സി. ജോർജ്ജ് നല്ലില**

“യരുശലേമേ! നിന്നെ ഞാൻ മറക്കുന്നു എങ്കിൽ എന്റെ വലംങ്കൈ മറന്നു പോകട്ടെ” (സങ്കീർത്തനം 137:5).

ഇസ്രയേൽ ജനത്തിന് പൈതൃകമായി ലഭിച്ച പുണ്യദേശം വിട്ടുപോകേണ്ടിവന്നതും, യരുശലേം ദേവാലയത്തിൽ ദൈവാരാധന നടത്തുവാൻ സാധിക്കാതെ വന്നതും. യിസ്രയേൽ ജനതയ്ക്ക് ഏറ്റവും വലിയ ദുഃഖത്തിന് കാരണമായി തീർന്നു. ദേവാലയത്തിൽനിന്നും യിസ്രായേൽ ജനതയ്ക്ക് ലഭിച്ചിരുന്ന അനുഗ്രഹങ്ങൾ ഓർത്ത് “ബാബിലോൺ നദിയുടെ തീരത്ത് ഇരുന്നുകൊണ്ട് സീയോനെ ഓർത്ത് കരയുന്നതാണ് പ്രസ്തുത സങ്കീർത്തനം. യരുശലേം ദേവാലയത്തെക്കുറിച്ചും അവിടുന്നു ലഭിച്ച ദൈവീക അനുഗ്രഹങ്ങളും, ഭൗതീകനന്മകളും ഓർത്ത് വിലപിക്കുകയാണ് ഇസ്രയേൽ ജനം. “അലരി വൃക്ഷങ്ങളിൽ അവരുടെ കിന്നരം” തൂക്കി ഇട്ട് ദൈവാലയത്തിൽനിന്നും കിട്ടിയ ഓരോ നന്മയേയും കുറിച്ച് ഹൃദയം നുറുങ്ങിവിളിച്ചു പറഞ്ഞ് വിതുമ്പിവിലപിക്കുന്ന കൂട്ടത്തിൽ “അന്തിന്ദ്രിയങ്ങളെ ശോധന ചെയ്യുന്ന യഹോവയുടെ മുമ്പാകെ കണ്ണുനീരോടെ പറയുന്നു: “യരുശലേമേ നിന്നെ ഞാൻ മറക്കുന്നു എങ്കിൽ എന്റെ വലങ്കൈ മറന്നു പോകട്ടെ എന്ന്.”

ദേവാലയത്തെക്കുറിച്ചും, അതിലെ ആരാധനയെക്കുറിച്ചും പ്രസ്തുത ആരാധനയിൽ നിന്നും കിട്ടിയ, കിട്ടുന്ന നന്മകളേയും അനുഗ്രഹങ്ങളെക്കുറിച്ചും ഇത്രയേറെ ഹൃദയം അറിഞ്ഞുള്ള തീഷ്ണത അവർക്ക് ഉണ്ടാകണമെങ്കിൽ തീർച്ചയായും “ദേവാലയത്തെക്കുറിച്ചുള്ള ഒരു വിശുദ്ധ അവബോധം” അവരിൽ ഉണ്ടായിരുന്നു എന്ന് സ്പഷ്ടം. വിശ്വാസികളായ നാം നമ്മുടെ ദേവാലയങ്ങളെക്കുറിച്ചും ദൈവാരാധനകളിലും എത്രമാത്രം ആത്മീയ അവബോധം സത്യത്തിൽ നമ്മുടെ പല ദേവാലയങ്ങളിലും മത്സരബുദ്ധിയും സ്ഥാനമാനങ്ങൾക്കുള്ള ആർത്തിയും, ഈർഷ്യവും പിണക്കവും എന്തിന്? ഇസ്രയേൽ ജനം വിലപിച്ചത് ദേവാലയത്തിൽ നിന്നുള്ള ആത്മീയ നന്മകൾ, അനുഗ്രഹങ്ങൾ എന്നിവ കിട്ടുന്നതിനുള്ള പ്രതിബന്ധങ്ങളെ ഓർത്താണ്.

ക്രിസ്തീയ സമൂഹം “ആത്മീയവ്യക്തിത്വം” കാണിക്കണം. വ്യക്തിത്വം പൂർണ്ണമായി സമൂഹത്തിൽ പ്രത്യക്ഷമായി കാണിച്ചുകൊടുക്കണം. ഒരുവനിലെ സാന്മാർഗ്ഗിക ഗുണവിശേഷങ്ങൾ പ്രാവർത്തികമാക്കുമ്പോഴാണ് അവന്റെ വ്യക്തിത്വം മനസ്സിലാകുന്നത്. കുടുംബ പശ്ചാത്തലം, വേഷം, വിദ്യാഭ്യാസം, സാമൂഹ്യ വ്യക്തിബന്ധങ്ങൾ, മതപരമായ വിശ്വാസവും, ആത്മീയ കാഴ്ചപ്പാടും എന്നിങ്ങനെ പോകുന്നു... ഈ രീതിയിലുള്ള വ്യക്തിത്വത്തിന്റെ ഉടമകളായിരിക്കണം വി. മദ്ബഹായിൽ ആരാധന അർപ്പിക്കുന്ന പട്ടക്കാരൻ മുതൽ ആരാധനാലയങ്ങളിൽ ഔദ്യോഗിക രംഗങ്ങളിൽ സേവനം അനുഷ്ഠിക്കുന്ന വ്യക്തികൾവരെ. ദേവാലയ ശുശ്രൂഷകൾ വിശുദ്ധിയോടെ

ഖമാരുടേതിനു തുല്യമായ ശുശ്രൂഷ. ദൈവാശ്രയത്തോടെ മാതൃകായോഗ്യമായി ഭയഭക്തിയാദരവുകളോട് പ്രവർത്തിച്ച് വി. മദ്ബഹായെ സ്വർഗ്ഗതുല്യമാക്കി വിശ്വാസികളിൽ വിശ്വാസം വർദ്ധിപ്പിക്കാനും ദൈവീകാനുഭവം സംജാതമാക്കാനും ശുശ്രൂഷകർക്ക് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

പ്രായം കൂടുതലുള്ളവർ മുന്നമേ, അതിനു പിറകേ പ്രായംകുറഞ്ഞവർ ക്രമപ്രകാരം കയറണം. പ്രായമുള്ളവർ വടക്കുവശത്തും പ്രായം കുറഞ്ഞവർ മദ്ബഹായിൽ തെക്കുവശത്തും നിൽക്കണം. നിരയായി അവർ നിൽക്കണം. മദ്ബഹായുടെ ഭിത്തിയിലോ ഏവൻഗോലിമേശയിലോ ചാരിനിൽക്കുവാൻ പാടില്ല. വിശുദ്ധ മദ്ബഹായിലെ ത്രോണോസ് ദൈവസാന്നിദ്ധ്യമുള്ള സിംഹാസനമാണ്. ആചാര്യഗണത്തിനേ അവിടെ പ്രവേശനാനുമതിയുള്ളു. പദവിയിൽ അത്മായക്കാർ ചവിട്ടരുത്. വിശുദ്ധ തൈലകുപ്പികളെ അവർ സ്പർശിക്കരുത്. ശുഷ്കാന്തിയുള്ളവരായും നിർമ്മലരായും നിൽക്കണം. കുളിക്കാതെയോ ശുദ്ധീകരണമുറകൾ നടത്താതെയോ ആ വിശുദ്ധസ്ഥാനത്തു പ്രവേശിക്കരുത്. അഗ്നികൊടിലുകൾകൊണ്ട് മാലാഖമാർപോലും സ്പർശിക്കുവാൻ ഭയപ്പെടുന്ന തീക്കട്ടയായവന്റെ നിത്യസാന്നിദ്ധ്യസ്ഥാനമാണ്. കൈവപ്പു ലഭിക്കാത്തവർ അവിടെ ചവിട്ടരുത്. മല്ക്കിസദേക്ക് അപ്പവുംവീഞ്ഞും കാഴ്ചയണച്ചത് ആദാമിന്റെ തലയോട്ടിയിരിക്കുന്ന ഗോഗുൽത്താമലമേലായിരുന്നു. അതിനു സമാനമാണ് മദ്ബഹായിലെ ത്രോണോസ്.

ആദിമ നൂറ്റാണ്ടുകളിൽ ശുശ്രൂകൾക്ക് ശെമ്മാശന്മാർ ഉണ്ടായിരുന്നു. അവർ വിരളമായുള്ള അവസരങ്ങളിലേക്കും സ്ഥാനങ്ങളിലേക്കും ശുശ്രൂഷയ്ക്ക് കാർമ്മികനെ സഹായിക്കുവാൻ ആൾ വേണമല്ലോ. ശെമ്മാശന്മാർ ആറു ഗണമുണ്ട്. ആദ്യത്തെ മൂന്നുഗണത്തിൽപെട്ടവർ വൈദികവേഷം ധരിക്കേണ്ടതില്ല. അവരെ ‘മ്സവ്റോനോ’കൾ അഥവാ ‘പാട്ടുകാർ’ എന്നറിയപ്പെടുന്നു. മദ്ബഹായിലേക്കു കൈവപ്പു ലഭിച്ചിട്ടുള്ളവർ ഈ സ്ഥാനത്തേക്ക് പട്ടംകെട്ടപെട്ടിട്ടുള്ളവരാകുന്നു. മദ്ബഹായിൽ അശ്രദ്ധമായും ശുചിത്വമില്ലാതെയും പെരുമാറുന്നത്. പാപമാകുന്നു. ദൈവത്തിനു സ്തുതിപാടകരായി ശുശ്രൂഷിക്കുവാൻ താല്പര്യം നല്ലതാണ്. എന്നാൽ അശ്രദ്ധരായവർ താനേ പുറംതള്ളപ്പെടും.

**അലക്സാണ്ടർ കാരയ്ക്കാട്**
**എഡിറ്റർ**

# സത്യവേദപുസ്തകം ചരിത്രവഴികളിലൂടെ

ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

ബെഞ്ചമിൻ ബെയ്‌ലിയുടേയും ഹെർമ്മൻ ഗുണ്ടർട്ടിന്റേയും ബൈബിൾ പരിഭാഷകൾ പരിഷ്ക്കരിച്ച് പ്രസിദ്ധീകരിച്ച 'സത്യവേദപുസ്തകം' ശതാബ്ദിയുടെ നിറവിലേക്ക്. ഇന്നുപയോഗിക്കുന്ന സത്യവേദ പുസ്തകത്തിന്റെ പ്രസിദ്ധീകരണം 1910 ലാണ് നടന്നത്. ഈ പരിഭാഷയുടെ പൂർത്തീകരണത്തിൽ വിദേശമിഷനറിമാരുടെ കഠിനാദ്ധ്വാനവും നിശ്ചയദാർഢ്യവും ഏറെ ശ്ലാഘനീയമാണ്. ക്ലോഡിയസ് ബുക്കാനൻ തുടങ്ങി വച്ച് ഹെർമൻ ഗുണ്ടർട്ട് വരെയുള്ളവർ ചെയ്തുതീർത്തതാണ് വേദപുസ്തകത്തിന്റെ മലയാള പരിഭാഷ. 'സത്യവേദപുസ്തകം' എന്നു പുറംചട്ടയിൽ അച്ചടിക്കപ്പെട്ടിട്ടുള്ള ആ തിട്ട ബൈബിൾ പുതിയ തലമുറ ഉപയോഗിക്കുവാൻ മടിക്കുമ്പോൾ പോക്കറ്റ് ബൈബിൾ മുതൽ വാട്ടർ-പ്രൂഫ് ബൈബിൾ വരെയുള്ള ചെറിയ രൂപങ്ങളുടെ പ്രസിദ്ധീകരണത്തിൽ പ്രചോദനവും സ്രോതസ്സും ഈ വേദപുസ്തകമാണ്.

**ബൈബിൾ മലയാളവിവർത്തനത്തിന്റെ തുടക്കം**

1811 വരെ മലയാളത്തിൽ വേദപുസ്തകം ഉണ്ടായിരുന്നില്ല. റവ. ഡോ. ക്ലോഡിയസ് ബുക്കാനന്റേതാ (1766-1815) യിരുന്നു ഈ രംഗത്തെ ആദ്യ സംഭാവന. 1766 ൽ ഈസ്റ്റ് ഇൻഡ്യൻ കമ്പനിയുടെ ചാപ്ലയിനായി 1797 ൽ അദ്ദേഹം കൽക്കട്ടയിൽ (ഇന്നത്തെ കൊൽക്കൊത്ത) എത്തി. 1806 ൽ കേരളത്തിലെ ക്രൈസ്തവ ജനതയെപ്പറ്റി അറിയുന്നതിനും മനസിലാക്കുന്നതിനുമായി കേരളത്തിലെത്തിയ അദ്ദേഹം മാവേലിക്കര, മാരാമൺ, റാന്നി, നിരണം, ഉദയംപേരൂർ, വാരപ്പുഴ, കൊച്ചി തുടങ്ങി വിവിധ സ്ഥലങ്ങളിലെ പുരാതന ദൈവാലയങ്ങൾ സന്ദർശിച്ചു. ആറാം മാർത്തോമാ വലിയമാർ ദിവാന്നാസിയോസിനെ ഡോ. ക്ലോഡിയസ് ബുക്കാൻ സന്ദർശിക്കുകയും ക്രൈസ്തവ സമൂഹത്തിന്റെ നിജസ്ഥിതി മനസിലാക്കുകയും ചെയ്തു. അക്കാലത്ത് ക്രൈസ്തവ ദൈവാലയങ്ങളിൽ ഉപയോഗിച്ചിരുന്നതു ബൈബിളിന്റെ സുറിയാനി കൈയെഴുത്തു പ്രതികളാണെന്നറിഞ്ഞ അദ്ദേഹത്തിന്, ബൈബിളിന്റെ മലയാള പരിഭാഷയുടെ ആവശ്യം ബോധ്യപ്പെട്ടു. ഇക്കാര്യം ഡോ. ബുക്കാനൻ മാർ ദിവന്നാസിയോസുമായി പങ്കുവയ്ക്കുകയും ഡോ. ബുക്കാൻ ആവശ്യപ്പെട്ടതനുസരിച്ച്, റാന്നി സെന്റ് തോമസ് വലിയപള്ളിയിൽ സൂക്ഷിച്ചിരുന്ന ബൈബിളിന്റെ സുറിയാനി കൈയെഴുത്തുപ്രതി കൊണ്ടുപോകു

---

പരികർമ്മം ചെയ്യുവാൻ വിളിക്കപ്പെട്ട് അവസരം കിട്ടിയ ഏലീ പുരോഹിതന്റേയും, സന്താനങ്ങളുടേയും കരച്ചിലും ദുഃഖവും, അതേസമയം ദേവാലയത്തിൽ പണം സൂക്ഷിപ്പുകാരനായ "യൂദയുടെ" നെടുവീർപ്പും, അനുതാപവും ഒന്ന് ചിന്തിച്ചാൽ... "ദുഃഖിക്കുന്നവർ ഭാഗ്യവാന്മാർ അവർക്ക് ആശ്വാസം ലഭിക്കും (മത്തായി 5:4). മുഖപക്ഷമില്ലാത്ത കർത്താവ് ഇസ്രയേൽ ജനതയുടെ ദുഃഖത്തിന് ആശ്വാസം ഒടുക്കുകയും, ഏലി പുരോഹിതനും മക്കൾക്കും യൂദക്കും ആശ്വാസം കൊടുത്തില്ലന്നുമാത്രമല്ല, അവരുടെ അന്ത്യം നിർവചിക്കാൻ പാടില്ലാത്തവിധം ശോകപൂരിതമായി പര്യവസാനിക്കുകയും ചെയ്തു. കാരണമെന്ത്? വായനക്കാരുടെ ചിന്തയ്ക്ക് വിടുന്നു.

വി. ദേവാലയവും വി. ആരാധനയും എന്തിനാണെന്ന് സങ്കീർത്തനക്കാരൻ "ദൈവമേ നീ എന്റെ ദൈവം, അങ്ങയുടെ ശക്തിയും മഹത്വവും ദർശിക്കുവാൻ വി. മന്ദിരത്തിൽ വരുന്നു" (സങ്കീ. 63:1,2). ഭൗതീക സന്തോഷത്തേക്കാൾ ആത്മരക്ഷയും ആത്മസന്തോഷവും അനസ്യൂതം ലഭിക്കുന്ന ഇടമാണെന്നുള്ള ചിന്ത എപ്പോഴും നമ്മളിൽ വ്യാപരിക്കണം. "എന്റെ പ്രാർത്ഥനാലയത്തിൽ അവർക്ക് സന്തോഷം നല്കും" (എശാ. 56:7). പ്രസ്തുത ആത്മീയ അവബോധത്തിന്റെ വെളിച്ചത്തിലാണ് യേശു യരുശലേം ദേവാലയം ശുദ്ധീകരിച്ചത്. മധുര ഗായകനായ ദാവീദിന്റെ 84-ാം സങ്കീർത്തനത്തിലും "ദൈവത്തിന്റെ പരിശുദ്ധിയേയും, ദൈവത്തിന്റെ ആലയത്തിൽ ആചരിക്കുന്ന ദൈവഭക്തന്റെ ആത്മസാഫല്യത്തേയും കുറിച്ച് വർണ്ണിക്കുന്നു." "സൈന്യങ്ങളുടെ യഹോവേ! തിരുനിവാസം എത്ര മനോഹരം." "എന്റെ ഹൃദയവും എന്റെ മാംസവും ജീവനുള്ള ദൈവത്തെ നോക്കി ഘോഷിക്കുന്നു." സൈന്യങ്ങളുടെ യഹോവേ നിന്റെ യാഗപീഠം ഞങ്ങളെത്തന്നെ, നിന്റെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ" (സങ്കീ. 84:1,4). "നിന്റെ പ്രാകാരങ്ങളിൽ കഴിയുന്ന ഒരു ദിവസം വേറെ ആയിരം ദിവസത്തേക്കാൾ ഉത്തമമല്ലോ" (സങ്കീ. 84:10).

വി. ആലയത്തിൽകൂടി ലഭിക്കുന്ന ദൈവകൃപയെക്കുറിച്ച് ബോധ്യമുള്ള സങ്കീർത്തനക്കാരൻ പറയുന്നു "വിശുദ്ധ മന്ദിരത്തിലെ നന്മകൊണ്ടും പാവനമാം ദൈവസാന്നിദ്ധ്യംകൊണ്ടും ഞാൻ ആത്മസംതൃപ്തി നേടുന്നു എന്ന്" (സങ്കീ. 65:4). യേശുവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നതും ഇതുതന്നെയാണ് ആയതിനാൽ "നിന്റെ ആലയത്തെക്കുറിച്ചുള്ള തീഷ്ണത എന്നെ വിഴുങ്ങികളഞ്ഞു" (സങ്കീ. 69:9) എന്നുള്ള സങ്കീർത്തനക്കാരന്റെ ചിന്തയിൽകൂടി നമുക്ക് നമ്മുടെ "ദേവാലയങ്ങളെക്കുറിച്ചും" ദൈവാരാധനയെക്കുറിച്ചും അവബോധം വളർത്തി എടുക്കുവാൻ ശ്രമിക്കുകയും അങ്ങനെ ആത്മീയ അവബോധത്തിൽ നിന്നുള്ള ആത്മീയ സംതൃപ്തി ഹൃദയം അറിഞ്ഞു സ്വീകരിച്ചുകൊണ്ട് സങ്കീർത്തനക്കാരനോടുകൂടി നമുക്കും പറയാം "യരുശലേമേ നിന്നെ ഞാൻ മറക്കുന്നു എങ്കിൽ എന്റെ വലംകൈ തീർച്ചയായും എന്നെ മറന്നു പോകട്ടെ എന്ന്." (സങ്കീ. 137:5). തിരുനിവാസം എത്ര മനോഹരം. നിന്റെ ആലയത്തിൽ വസിക്കുന്നവർ ഭാഗ്യവാന്മാർ.

വാൻ അനുമതി ലഭിക്കുകയും ചെയ്തു. അങ്ങനെ മത്താ യി, മർക്കൊസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ നാലു സുവിശേഷങ്ങളുടെ തർജിമ പൂർത്തികരിക്കുകയും 1811 ൽ അതു ബോംബയിലെ കൊറിയർ പ്രസിൽ അച്ചടിച്ച് കേരളത്തിലെ ഇടവകകൾക്ക് വിതരണം ചെയ്തു.

1811 ൽ പ്രസിദ്ധീകരിച്ച, അദ്ദേഹത്തിന്റെ 'ക്രിസ്ത്യൻ റിസേർച്ചസ് ഇൻ ഏഷ്യ' എന്ന ഗ്രന്ഥത്തിൽ കേരള ത്തിലെ ക്രൈസ്തവ സമൂഹത്തിന്റെ അവസ്ഥയെപ്പ റ്റിയും മിഷനറി പ്രവർത്തനങ്ങളുടെ ആവശ്യത്തെപ്പറ്റിയും പരാമർശിച്ചിട്ടുണ്ട്. കേരളത്തിലേക്കുള്ള മിഷനറി പ്രവാ ഹത്തിന് ഈ ഗ്രന്ഥം ഒരു വലിയ പ്രചോദനമായിരുന്നു.

**അച്ചടിയുടെ ആരംഭം കേരളത്തിൽ**

എഴുത്തോലയിലോ തോൽച്ചുരളിലോ എഴുതിയി രുന്ന മലയാള രചനകൾക്കു കടലാസിലേക്കു പുനർജന്മം നല്കിയതു വിദേശ മിഷനറിമാരാണ്. ഫോർട്ടു കൊച്ചി യിലെ ജെസ്വീറ്റ് കോളജിൽ, പോർട്ടുഗീസുകാരാണ് കേര ളത്തിലെ ആദ്യത്തെ പ്രസ് സ്ഥാപിച്ചത്. പിന്നീട് 1821 ൽ ബഞ്ചമിൻ ബെയ്ലി കോട്ടയത്ത് സി.എം.എസ്. പ്രസ് സ്ഥാപിച്ചു. ഇതായിരുന്നു കേരളത്തിലെ പ്രഥമ മലയാള അച്ചടിശാല. ഏകദേശം 1840 ൽ തലശേരിയിലെ ഇല്ലി ക്കുന്നിൽ ബാസൽ മിഷനറിമാർ പ്രസ് സ്ഥാപിച്ചു. ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ നേതൃത്വത്തിലായിരുന്നു അത്. നിരവധി ക്രൈസ്തവ ഗ്രന്ഥങ്ങളും നിഘണ്ടുക്കളും മല യാള വ്യാകരണ പുസ്തകങ്ങളും ബൈബിളുകളും ഈ അച്ചടിശാലകളിൽ നിന്നും പ്രസിദ്ധീകരിക്കപ്പെട്ടു. മല യാള ഭാഷയ്ക്ക് അതിന്റേതായ ശക്തിയും അസ്തിത്വവും നല്കുന്നതിനു ക്രിസ്തീയമിഷനറിമാർ അഹോരാത്രം പണിപ്പെടേണ്ടിവന്നു.

**ബുക്കാനൻ മുതൽ ഗുണ്ടർട്ട് വരെ**

1811 ബൈബിൾ മലയാള പരിഭാഷയ്ക്കു ഡോ. ക്ലോഡിയസ് ബുക്കാനൻ നാന്ദികുറിച്ചെങ്കിൽ, പിന്നീടു കേരളത്തിലെത്തിയ മറ്റു മിഷനറിമാർ തുടർപ്രവർത്തനം ഏറ്റെടുത്തു. 1816 ൽ എത്തിയ സി.എം.എസ്. മിഷനറി മാർ വേദപുസ്തക പ്രസിദ്ധീകരണത്തിനു ഏറെ ഉത്സാ ഹിച്ചു. അങ്ങനെ ബെഞ്ചമിൻ ബെയ്ലി വേദപുസ്തക പരിഭാഷയുടെ ചുമതല ഏറ്റെടുക്കുകയും 1819 ൽ പുതി യനിയമ പരിഭാഷ പൂർത്തിയാക്കി പ്രസിദ്ധീകരിക്കുകയും ചെയ്തു. 1841 ആയപ്പോഴേക്കും സമ്പൂർണ്ണ ബൈബിൾ പരിഭാഷ പൂർത്തിയാക്കി പ്രസിദ്ധീകരിച്ചു.

മലയാള പരിഭാഷയിൽ വ്യാപൃതനായ ഹെർമൻ ഗുണ്ടർട്ട് പുതിയനിയമത്തിന്റെ മറ്റൊരു പരിഭാഷ 1854 ലും പഴയനിയമത്തിന്റേതു 1859 ലും പ്രസിദ്ധീകരിച്ചു. ബെഞ്ചമിൻ ബെയ്ലിയുടെയും ഹെർമൻ ഗുണ്ടർട്ടി ന്റേയും ബൈബിൾ പരിഭാഷകൾ ക്രോഡീകരിച്ച് പരി ഷ്കരിച്ച് 1910 ൽ പ്രസിദ്ധീകരിച്ചതാണു സത്യവേദപു സ്തകം.

**പരിഭാഷകൾ തുടരുന്നു**

ഭാഷാവൈകല്യങ്ങൾ പരിഹരിച്ചും ഭാഷലളിതവും ആധുനികവുമാക്കി വിവിധ രൂപങ്ങളിൽ ബൈബിളിന്റെ പരിഷ്കരിച്ച പ്രസിദ്ധീകരണങ്ങൾ ബഹു. മലങ്കര മല്പാനും എഴുത്തച്ഛനും കവിയുമായ കണിയാംപറമ്പി ലച്ചന്റേതുൾപ്പടെ തുടർന്നുകൊണ്ടിരിക്കുന്നു. ഇന്നു വിവിധ മലയാളം ബൈബിളുകൾ സുലഭമാണ്. എന്നാൽ നൂറുകൊല്ലം മുമ്പ് മലയാളത്തിനു സ്വന്തമായൊരു ബൈബിളില്ലാതിരുന്ന സമയത്ത് ഇംഗ്ലീഷ് ഭാഷ ഉപയോ ഗിക്കുന്ന വിദേശമിഷനറിമാർ ഈ സത്യവിശ്വാസത്തിന്റെ പ്രമാണപുസ്തകം മലയാള അക്ഷരങ്ങളിൽ ചാലിച്ച് മല യാളികൾക്ക് നല്കിയപ്പോൾ അതിലൂടെ സാധ്യമായത്, ഒരു വലിയ സമൂഹത്തിനു തികവുള്ള ഒരു ജീവിതപ്ര മാണം ലഭിക്കുകയായിരുന്നു. തേനിലും തേങ്കട്ടയിലും മധുരമുള്ള കാലുകൾക്ക് വിളക്കും ഊടുവഴികൾക്ക് പ്രകാശവുമാകുന്ന ഉലയിൽ ഉരുക്കി ഏഴുവട്ടം ശുദ്ധി ചെയ്ത വെള്ളിപോലെ പവിത്രമായ ദൈവശ്വാസിയമായ തിരുവചനം ക്രൈസ്തവ കൈരളിയെ ഒരാത്മീയാന്തസി ലേക്കു നയിച്ചുകൊണ്ടിരിക്കുന്നു.

അമൂല്യ രചനകൾകൊണ്ടു മലയാള സാഹിത്യത്തെ സംപുഷ്ടമാക്കി കാലയവനികയ്ക്കുള്ളിൽ മറഞ്ഞ ശ്രീ. കെ.പി. അപ്പൻ ഇങ്ങനെ എഴുതി: "ബൈബിൾ എനിക്കു നിത്യരക്ഷയുടെ ശ്രോതസ്സാണ്. നിരവധി കാര്യങ്ങളെ ക്കുറിച്ചുള്ള വ്യഗ്രതകൊണ്ടു കലങ്ങിയിരിക്കുന്ന എന്റെ മനസ്സിനെ ബൈബിൾ നേരെയാക്കുന്നു." എന്നാൽ, ഇതു ശ്രീ. കെ.പി. അപ്പന്റെ മാത്രം അനുഭവമല്ല. സത്യവേദപു സ്തകത്തെ നെഞ്ചിലേറ്റി സർവരുടെയും അനുഭവമാണ്. സത്യവേദപുസ്തകം ശതാബ്ദി പൂർത്തീകരിക്കുവാനൊ രുങ്ങുമ്പോൾ... ദൈവം അതിനായി നിയോഗിച്ചവരെ നമു ക്കോർക്കാം. ദൈവത്തിനു നന്ദി പറയാം. ●




ചോദ്യം: പുത്തൻ സൗഖ്യദായകരെ എങ്ങനെ കാണുന്നു മാഷേ?

ഉത്തരം: ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യം നാഴികയാകുന്നു. അവർ നമ്മുടെ ഇടയിൽനിന്ന് പുറപ്പെട്ടു എങ്കിലും നമ്മുക്കുള്ളവർ ആയിരുന്നില്ല. അവർ നമ്മുക്കുള്ള വരായിരുന്നെങ്കിൽ നമ്മോടുകൂടി പാർക്കുമായിരു ന്നു. എന്നാൽ എല്ലാവരും നമ്മുക്കുള്ളവരല്ല. നിങ്ങളോ പരിശുദ്ധനാൽ അഭിഷേകം ചെയ്യപ്പെട്ടി രിക്കുന്നു.

# ഭാരത സുറിയാനി കവി
# മലങ്കര മല്പാൻ കോറൂസോ ദശ്റോറോ

വന്ദ്യ. കണിയാപറമ്പിൽ കുര്യൻ കോർ എപ്പിസ്കോപ്പ

എറണാകുളം ജില്ലയിലെ കാഞ്ഞിരമറ്റം ഗ്രാമത്തിൽ പുരാതനമായ കണിയാമ്പറമ്പിൽ പൗലോസിന്റേയും പുതുപ്പള്ളി മേമന സാറാമ്മയുടേയും നേർച്ച പുത്രനായി 1913 ഫെബ്രുവരി 27 ന് ജനിച്ച് കാഞ്ഞിരമറ്റം മാർ ഇഗ്നാത്തിയോസ് നൂറോനോയുടെ നാമത്തിലുള്ള പള്ളിയിൽ വി. മാമോദീസ ഏറ്റ് കാഞ്ഞിരമറ്റം, മുളന്തുരുത്തി, കോട്ടയം സി.എം.എസ് കോളജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം നടത്തി. മാർ ഒസ്ത്താത്തിയോസ് ബാവയിൽനിന്ന് 12-ാം വയസ്സിൽ ശെമ്മാശ്ശനായും മാർ അത്താനാസ്യോസ് വലിയ തിരുമേനിയിൽനിന്ന് 19-ാം വയസ്സിൽ കശ്ശീശ്ശാസ്ഥാനവും മോർ യൂലിയോസ് ബാവയിൽ നിന്ന് 37-ാം വയസ്സിൽ കോർ എപ്പിസ്ക്കോപ്പാ സ്ഥാനവും പ്രാപിച്ചു. 13-ാം വയസ്സിൽ കോടനാട് മാർ ഔഗേൻ റമ്പാനിൽ നിന്ന് 6 മാസം സുറിയാനി പഠിച്ചെങ്കിലും ഔഗേൻ റമ്പാൻ യറുശിലേമിലേക്ക് കണ്ടനാട് മെത്രാപ്പോലീത്ത ആകാൻ പോയതിനാൽ തുടർപഠനം നടന്നില്ല. എങ്കിലും അതിനിടക്ക് സുറിയാനി കവിത റമ്പാച്ചൻ എഴുതിക്കുമായിരുന്നു. ഹൈസ്കൂളിൽ വച്ച് പ്രിൻസ് എഡ്വേർഡ് മെഡൽ നേടുകയുണ്ടായി.

9-ാം ക്ലാസിൽ പഠിക്കുമ്പോൾ സുറിയാനിയിൽ നിന്ന് പ്രഭാതപ്രാർത്ഥന മലയാളത്തിലേക്ക് വിവർത്തനം ചെയ്തത് ഇന്നും സഭയെങ്ങും ഉപയോഗിക്കുന്നു. പിന്നീട് ഇംഗ്ലീഷിലേക്കും വിവർത്തനം ചെയ്തത് ലോകമെമ്പാടും ഉപയോഗിച്ചുവരുന്നു. ഇന്ന് 87 പുസ്തകങ്ങൾ എഴുതികഴിഞ്ഞു. 100 തികയ്ക്കാനുള്ള ശ്രമത്തിലാണ്. 18-ാം വയസ്സിൽ കരിങ്ങാശ്ര പള്ളിയിൽ ഒരു മാസകാലം മലങ്കരയിൽ എഴുന്നെള്ളിയ പരി. ഏലിയാസ് തൃതിയൻ ബാവയെ ശുശ്രൂഷിക്കുകയും അദ്ദേഹത്തിന്റെ വാത്സല്യ ഭാജനമായി മാറുകയും "നിന്നിൽ നമുക്ക് പ്രത്യാശയുണ്ടെന്നും തിരികെ പോകുമ്പോൾ നിന്നേയും കൊണ്ടുപോകും" എന്നു കല്പിക്കുകയുണ്ടായി. 18-ാം വയസ്സിൽ കാട്ടുമങ്ങാട്ട് കട്ടപ്പള്ളിൽ ഡോ. ജോണിന്റെ മകൾ അമ്മിണിയെ വിവാഹം ചെയ്തു.

19-ാം വയസ്സിൽ പരി. വലിയ തിരുമേനിയുടെ കല്പനപ്രകാരം 3 വർഷം മാതൃ ഇടവകയായ കാഞ്ഞിരമറ്റത്തും മാർ മിഖായേൽ തിരുമേനിയുടെ കല്പനപ്രകാരം 25 വർഷം തിരുവല്ല കട്ടപ്പുറം പള്ളിയിലും മോർ യൂലിയോസ് ബാവയുടെ കല്പനപ്രകാരം 15 വർഷം സിംഹാസനപ്പള്ളിയിലും (രാജശ്രീ കോടിയാട്ട് കെ.ജെ. ഏബ്രഹാമിന്റെ സ്ഥലത്ത് സ്ഥാപിച്ച) M.S.S.A, OSSAE ഡയറക്ടർ ജനറൽ, സഭാ ചന്ദ്രികയുടെ പത്രാധിപർ, 39 വർഷം എം.ജി. യൂണിവേഴ്സിറ്റി സിറിയക് ബോർഡ് മെമ്പറും, എക്സാമിനറും സഭാഭേദമന്യേ അനേകരുടെ സുറിയാനി മല്പാൻ, കൽദായ സുറിയാനി, മലങ്കര കത്തോലിക്കാ, മാർത്തോമാ സുറിയാനി സഭകളിലെ ആരാധനാക്രമങ്ങൾ രൂപപ്പെടുത്തുന്നതിനും മലങ്കര കത്തോലിക്കാ സഭയുടെ കോർ എപ്പിസ്ക്കോപ്പാ സ്ഥാനാഭിഷേക ശുശ്രൂഷാക്രമം പരിഭാഷപ്പെടുത്തി കൊടുത്തും അനേകം സുറിയാനി ഗദ്യ-പദ്യങ്ങളും നോവലും എഴുതിയും പരിഭാഷകൾ നടത്തിയും വിലയേറിയ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ഡോ. ഡി. ബാബുപോളിന്റെ അഭിപ്രായത്തിൽ ബാറെബ്രായ കഴിഞ്ഞാൽ ഔഗേൻ ബാവയും കണിയാമ്പറമ്പിലച്ചനുമാണ് ഏറ്റവും കൂടുതൽ സുറിയാനി കവിത എഴുതിയിട്ടുള്ളതെന്നാണ്. പ. അപ്രേം പാത്രിയർക്കീസ് ബാവമാർ യാക്കോബ് മെഡൽ, പ. സാഖാ പ്രഥമൻ ബാവ- കോറൂസോ ദശ്റോറോ, order of St. Ignatius Theophoros ആധുനിക ജറോം എന്നീ നാമധേയങ്ങളും ശ്രേഷ്ഠ ബസ്സേലിയോസ് പൗലോസ് ദ്വിതിയൻ ബാവാ - നാഥാനിയേൽ, ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവ - മലങ്കരയുടെ എഴുത്തച്ഛൻ, മാർ ക്ലിമ്മീസ് തിരുമേനി - ആധുനിക ബാറെബ്രായ തുടങ്ങിയ നാമങ്ങൾ നല്കി അനുഗ്രഹിക്കുകയുണ്ടായി. സ്വീഡൻ സെന്റ് ജോർജ്ജ് യൂണിവേഴ്സിറ്റി ഡോക്ടറേറ്റും കോട്ടയം എക്യൂമെനിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് 'സോഫാർ' ബഹുമതിയും നല്കി ബഹുമാനിച്ചു. 1978 സഭാകേസിൽ 1080 പേജുവരുന്ന സാക്ഷിമൊഴി നല്കി സഭയെ സഹായിച്ചു.

സ്വീഡനിൽ അച്ചടിച്ച സുറിയാനിയിലുള്ള മഗ്ദലനമറിയം ഖണ്ഡകാവ്യം; മോർ മത്തായിയുടെ സുവിശേഷം സുറിയാനിപദ്യം, 1000 സ്തോത്ര സഹസ്രം, ഒലഫ്-ബേത്ത് പദ്യം, സുറിയാനി-മലയാളം നിഘണ്ടു, ആഴ്ചവട്ട പ്രാർത്ഥനകൾ, ശുശ്രൂഷാക്രമങ്ങൾ തുടങ്ങിയവ കൃതികളിൽ ചലിവ മാത്രമാണ്. എന്നാൽ നോമ്പും ഉപവാസവും എടുത്ത് മൂന്നു വർഷം കൊണ്ടു പൂർത്തിയാക്കിയ പ്ശീത്താ സുറിയാനിയിൽ നിന്നുള്ള വി. ബൈബിൾ പരിഭാഷയും പുതിയനിയമ വ്യാഖ്യാനവും സുറിയാനി സഭാചരിത്രവും, ബൈറണിന്റെ "Cain the Murder" എന്ന ഡ്രാമായുടെ സുറിയാനി പരിഭാഷയും എടുത്തു പറയേണ്ട സംഭാവനകളാണ്.

ഇപ്പോൾ കാഞ്ഞിരമറ്റത്ത് സ്വഭവനത്തിൽ വിശ്രമജീവിതം നയിച്ചുകൊണ്ട് ഈ സഭാവൈദീക ട്രസ്റ്റി സുറിയാനി ഭാഷയെ തൂലികയിലൂടെ സമ്പന്നമാക്കികൊണ്ടിരിക്കുന്ന ബഹു. അച്ചന്റെ സഹധർമ്മിണി 2008 മെയ് നാലിന് പരലോകം പ്രാപിച്ചു. മക്കൾ: ശാന്തമ്മ, സോമി. മരുമക്കൾ: തിരുവല്ല കോടിയട്ടുപുരയ്ക്കൽ അച്ചൻകുഞ്ഞ് (കെ.എ. കുര്യൻ), നിരണം പനക്കാമറ്റത്ത് കളപ്പുരയിൽ ബാബു (ഡോ. കെ.എം. ചെറിയാൻ). ബഹു. അച്ചന് യാക്കൂബ്യന്റെ ആശംസകൾ. ●

ധ്യാനപംക്തി

# സ്ലീബായുടെശേഷം അഞ്ചാം ഞായറാഴ്ച

(ലൂ. 20:27-40; മത്താ. 22:34-45; 22:46; ലൂ. 20:45-47; മത്താ. 23:1-12)

ഈ ഞായറാഴ്ച സന്ധ്യയുടെ ഏവൻഗേലിയോനിൽ മരിച്ചവരുടെ പുനരുത്ഥാനത്തേക്കുറിച്ചും പ്രഭാതത്തിന്റെ ഏവൻ ഗേലിയോനിൽ ന്യായപ്രമാണത്തിൽ ഏറ്റവും വലിയ കല്പനയെക്കുറിച്ചും, മുഖ്യാസനം ആഗ്രഹിക്കുന്നതിനേക്കുറിച്ചുമാണ്. കുർബാനയുടെ ഏവൻ ഗേലിയോനിൽ പരീശന്മാരും ശാസ്ത്രികളും മോശയുടെ ആസനത്തിൽ ഇരിക്കുന്ന കാര്യവും അവർ മുഖ്യാസനം മോഹിക്കുന്ന കാര്യവും മറ്റും കാണുന്നു.

സാദൂക്യർ പുനരുത്ഥാനമില്ലെന്നു പറയുന്നു. അവരിൽ ചിലർ യേശുവിനെ പരീക്ഷിച്ചുകൊണ്ടു ചോദിച്ചു: "ഞങ്ങളുടെയിടയിൽ ഏഴു സഹോദരന്മാരുണ്ടായിരുന്നു. ഒന്നാമത്തവൻ വിവാഹം ചെയ്തു മക്കളില്ലാതെ മരിച്ചുപോയി. രണ്ടാമത്തവൻ അവളെ വിവാഹം ചെയ്തു. അവനും അങ്ങനെ തന്നെ മരിച്ചു. അങ്ങനെ ഏഴുപേരും വിവാഹം ചെയ്തു മരിച്ചുപോയി. അവസാനം ആ സ്ത്രീയും മരിച്ചു. പുനരുത്ഥാനത്തിൽ അവൾ അവരിൽ ആരുടെ ഭാര്യയായിരിക്കും?" കർത്താവ് ഉത്തരം പറഞ്ഞു: "പുനരുത്ഥാനത്തിനുശേഷം അവർ സ്വർഗ്ഗത്തിലെ മാലാഖമാരെപ്പോലെയാകുന്നു, വിവാഹം ചെയ്യുകയോ വിവാഹത്തിനു കൊടുക്കപ്പെടുകയോ ഇല്ല.

സ്വർഗ്ഗത്തിൽ വസിക്കുന്നവർക്ക് ഓരോ വ്യക്തികളേയും തിരിച്ചറിയാവൻ കഴിയും. ഭാര്യഭാര്യായിട്ടും ഭർത്താവ് ഭർത്താവായിട്ടും ഉയർക്കും. എന്നാൽ അവരുടെ ജഡീക വികാരങ്ങൾ ആത്മീക കൂട്ടാത്മയായി മാറും. ശരീരം തന്നെയും അവനവന്റെ പ്രവർത്തികൾക്ക് തക്കവണ്ണം രൂപാന്തരപ്പെടും. പുണ്യവാന്മാർ സ്വർഗ്ഗത്തിലേക്കു പ്രവേശിച്ച് ഹീന വികാര വിമുക്തരായി ആത്മീക വികാരങ്ങൾ വികസിച്ചവരായി സ്തോത്രവും ഹാലേലൂയ്യായും പാടികൊണ്ടു കഴിച്ചുകൂട്ടും.

നരകത്തിലേക്കു വീഴുന്നവരുടെ വിശപ്പ്, ദാഹം ജഡത്തിന്റെ മോഹം എന്നിവ ശതഗുണീഭവിക്കും; എന്നാൽ ആഗ്രഹങ്ങൾ പൂരിപ്പിക്കുവാൻ കഴിയുകയില്ലാതാനും. അതാണ് നരകം, അതാണ് ദുരിതം; അതിന് അവനവനാണ് ഉത്തരവാദി. പുനരുദ്ധാന ശേഷം സ്വർഗ്ഗത്തിലേക്ക് കയറുന്നവർക്കോ നരകത്തിൽ വീഴുന്നവർക്കോ വിവാഹസംസർഗ്ഗമില്ല. അവരിൽ സ്വർഗ്ഗത്തിലേക്കു കയറുന്ന വിശുദ്ധന്മാരെക്കുറിച്ചാണ് കർത്താവ് പറഞ്ഞത്.

ദൈവം മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെ ദൈവമാണ്. അവൻ അബ്രഹാമിന്റേയും, യാക്കോബിന്റെയും ഇസഹാക്കിന്റേയും ദൈവമാണ്. ഇതു പഴയനിയമത്തിൽ പല സ്ഥലത്തും ആവർത്തിച്ചു കാണുന്നുണ്ട്. അതിൽ ഒന്ന് നൂറ്റാണ്ടുകൾക്ക് മുമ്പു മരിച്ചുപോയ ആ പിതാക്കന്മാർ ഇപ്പോഴും ജീവിച്ചിരിക്കുന്നു, അവർ നശിച്ചുപോയിട്ടില്ല എന്നത്രെ നാം ഗ്രഹിക്കുന്നത്.

പന്തിയിൽ മുഖ്യാസനത്തെ ആഗ്രഹിക്കുന്നതിനേക്കുറിച്ചും ന്യായപ്രമാണത്തിൽ വച്ചു വലിയ കല്പ്പനയേക്കുറിച്ചും പ്രഭാതത്തിന്റെ ഏവൻഗേലിയോനിൽ കാണുന്നു. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണ ഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ആത്മാവോടും സ്നേഹിക്കണം. ഇത് എന്നേക്കുറിച്ചു എങ്ങനെയിരിക്കുന്നു എന്ന് നാം ഓരോരുത്തരം ചിന്തിക്കണം. ലോകവും, ജഡവും, ധനവും വേണം, ദൈവവും വേണം എന്ന മട്ടാണ് നമ്മിൽ പലരും. നിഷിദ്ധ്യമാർഗ്ഗങ്ങളിൽ കൂടിയായാലും കുറെ സമ്പാദിക്കണം, ലോകത്തിന്റെ ഇമ്പങ്ങളും കുറെയേറെ അനുഭവിക്കണം, ജഡത്തിന്റെ മോഹങ്ങളുടെ പിന്നാലെ പോയി അവയും പൂരിപ്പിക്കണം. ആ കൂട്ടത്തിൽ അവക്ക് ഒരു മൂടിക്കല്ലായി പള്ളിയിൽ പോക്കും വഴിപാടുകളും പെരുനാൾ കഴിക്കലും വേണം. അങ്ങനെയുള്ളവർ പൂർണ്ണ ഹൃദയത്തോടും പൂർണ്ണമനസ്സോടും പൂർണ്ണ ആത്മാവോടും ദൈവത്തെ സ്നേഹിക്കുന്നില്ല. പൂർണ്ണമായി ദൈവത്തെ സ്നേഹിക്കുന്നവൻ മറ്റുള്ള കാര്യങ്ങളെ നിസ്സാരമായി എണ്ണുന്നു. അവന് പ്രഥമവും പ്രധാനവുമായ കാര്യം ദൈവീകകാര്യമാണ്. അവൻ ദൈവസ്നേഹത്തെ പ്രതി എല്ലാം ചേരുമെന്ന് എണ്ണുന്നു. മാർ അപ്രേം ചാക്ക് ധരിച്ച്, ജടയും മുടിയും വളർത്തി ദൈവസ്നേഹത്തിൽ ജ്വലിക്കുന്നവനായിരുന്നു. യോഹന്നാൻ മാംദാനായും അപ്രകാരം തന്നെയായിരുന്നുവല്ലോ. വനത്തിലും ഗുഹകളിലും പാറയിടുക്കുകളും പഴയ ശവക്കല്ലറകളിലും ജീവച്ചിരുന്ന അനേകം താപസന്മാർ പൂർണ്ണഹൃദയത്തോടെ ദൈവത്തെ സ്നേഹിച്ചു മറ്റെല്ലാ സുഖങ്ങളേയും വെടിഞ്ഞു.

പൂർണ്ണമായി ദൈവത്തെ സ്നേഹിക്കുന്നവൻ തന്നെപ്പോലെ തന്റെ അയൽക്കാരനെ സ്നേഹിക്കയും വേണം. ആരാണ് അയൽക്കാരൻ എന്ന് കർത്താവിനോട് ചോദിച്ചപ്പോൾ നല്ല ശമര്യക്കാരന്റെ കഥ കർത്താവ് പറഞ്ഞു. വഴിയിൽ മുറിവേറ്റു കിടന്നിരുന്നവന് അയൽക്കാരനായത് ശമര്യാക്കാരനാണ്. അവൻ ചെയ്തതുപോലെ നീയും ചെയ്യുക. അതാണ് അയൽക്കാരനെ സ്നേഹിക്കുന്നതിന്റെ ഒരു മാതൃക. ഇതുപോലെ എത്രയെത്ര മാതൃകകളെടുത്തു പറവാൻ വേണമെങ്കിലും നമുക്കു കഴിയും. ആതുരസേവനം, സാധുജനോദ്ധാരണം ഇവ നമ്മൾ ധാരാളമായി ചെയ്യണം. മദർ തെരേസായുടെ കൽക്കത്തായിലെ സേവനങ്ങൾ നാം കണ്ടു പഠിക്കണം.

വിദ്യ അഭ്യസിക്കാൻ ആഗ്രഹമുണ്ടെങ്കിലും പുസ്തകം വാങ്ങാനോ വസ്ത്രം വാങ്ങാനോ ഫീസു കൊടുക്കാനോ കഴിവില്ലാതെ പഠിത്തം നിർത്തുന്ന എത്രയെത്ര പെൺകുട്ടികളും ആൺകുട്ടികളുമുണ്ട്. ധനശേഷിയുള്ളവർ അത്തരക്കാരെ അന്വേഷിച്ച് കണ്ടുപിടിച്ച് വിദ്യാഭ്യാസം ചെയ്യിക്കണം, സഹായിക്കണം. ചിലർ അങ്ങനെ ചെയ്യുന്നതായിട്ടറിയാം.

അത്തരക്കാർ പടിക്കൽ വന്ന് യാചിക്കാൻ കാത്തിരിക്കരുത്.

കാണപ്പെടാവുന്ന സഹോദരനെ തുണയ്ക്കാതെയും അവനെ സ്നേഹിക്കാതെയും ഒരുവൻ കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കുന്നുയെന്നു പറയുന്നത് വ്യാജമാണ്. വസ്ത്രമില്ലാത്തവന് വസ്ത്രം നല്കുക, ആഹാരത്തിന് വകയില്ലാത്തവന് ആഹാരം നല്കുക, രോഗികളെ ചെന്നു കണ്ട് പ്രാർത്ഥിക്കുക, ആശ്വസിപ്പിക്കുക, ശുശ്രൂഷിക്കുക, മരുന്നു വാങ്ങാൻ സഹായിക്കുക, തടവിൽ കിടക്കുന്നവരെ ചെന്നുകണ്ട് ആശ്വസിപ്പിക്കുക, അവർക്കുവേണ്ടി പ്രാർത്ഥിക്കുക, അവരെ മാനസാന്തരത്തിലേക്ക് തിരിപ്പിക്കുക മുതലായ പ്രവർത്തനങ്ങൾ ചെയ്യുന്നതിനാൽ നമ്മൾ അയൽപക്കക്കാരനെ സ്നേഹിക്കയാണ്. അവയെല്ലാം തന്നോടു ചെയ്തതായി കണക്കാക്കപ്പെടുമെന്നും, അങ്ങനെ ചെയ്‌വാൻ അവസരം കിട്ടിയിട്ട് ചെയ്യാതിരിക്കുനനത് തന്നോട് ചെയ്യാതിരിക്കുന്നതായി പരിഗണിക്കുമെന്നും കർത്താവ് പറഞ്ഞിട്ടുണ്ട്. അയൽപക്കക്കാരനെ സ്നേഹിക്കുന്നതിനാൽ നമ്മൾ ദൈവത്തെയാണ് സ്നേഹിക്കുന്നത്. മനുഷ്യർക്കുവേണ്ടി സേവനമനുഷ്ഠിക്കുന്നവൻ ദൈവത്തിനുവേണ്ടി സേവനം ചെയ്യുകയാണ്.

ആചാര്യന്മാർ മോശയുടെ സിംഹാസനത്തിൽ ഇരിക്കുന്നവരാകയാൽ അവരെ നമ്മൾ അനുസരിക്കണം, അവരുടെ നിയമാനുസരണമുള്ള എല്ലാ കല്പ്പനകളും നമ്മൾ അനുസരിക്കണം, അവരുടെ പ്രവർത്തികൾ പോലെ ചെയ്യണമെന്നില്ല. നമ്മൾ താഴ്മയുള്ളവരായിരിക്കണം, മുഖ്യാസനമാഗ്രഹിക്കരുത്. എപ്പോഴും താണസ്ഥാനത്തിരിപ്പാനാഗ്രഹിക്കുക, നാം അർഹിക്കുന്നെങ്കിൽ നമ്മെ വിളിച്ചു ഉയർത്തിക്കൊള്ളും. മറ്റുള്ളവരുടെ വന്ദനമാഗ്രഹിക്കരുത്. അർഹിക്കുന്നുവെങ്കിൽ അതുണ്ടായിക്കൊള്ളും. താഴ്മയുള്ളവർ ഭാഗ്യവാന്മാർ അവർ ഭൂമിയെ അവകാശിക്കും.

**സ്ളീബായുടെ ശേഷം ആറാം ഞായറാഴ്ച (മത്താ. 19:13-26; മർക്കോ. 10:17-27; ലൂ. 18:18-27)**

ഈ ഞായറാഴ്ച സന്ധ്യയുടേയും പ്രഭാതത്തിന്റേയും, കുർബാനയുടേയും ഏവൻഗേലിയോനിൽ ധനികനായ ഒരു യുവാവ് കർത്താവിനെ സമീപിച്ച് അവൻ നിത്യജീവനെ പ്രാപിപ്പാൻ എന്തുചെയ്യണമെന്ന് ചോദിക്കുന്നതായി നമ്മൾ വായിക്കുന്നു. കർത്താവ് അവനോട് നീ കല്പ്പനകളെ പ്രമാണിക്കുക എന്നു പറഞ്ഞു. അവൻ ഞാൻ പ്രമാണിക്കുന്നുണ്ട്. ഇനി എന്തു ചെയ്യണം എന്നു ചോദിച്ചു. നിനക്കുള്ളതെല്ലാം വിറ്റു ദരിദ്രർക്ക് കൊടുക്കുക എന്നു പറഞ്ഞു. അവൻ അതു കേട്ട് ദുഃഖിച്ച് മടങ്ങിപ്പോയി, എന്തുകൊണ്ടെന്നാൽ അവൻ വലിയ ധനികനായിരുന്നു.

ഈ ഭാഗം വായിക്കുമ്പോൾ നമ്മിൽ പലർക്കും ആ യുവാവിനേക്കുറിച്ച് സഹതാപം (pity) തോന്നാറുണ്ട്. അവൻ എത്ര മോശക്കാരൻ! എന്ന് പലരും പറഞ്ഞേക്കാം. എന്നാൽ അഗാധമായി ചിന്തിച്ചുനോക്കുമ്പോൾ നമ്മിൽ പലരും അവന്റെയടുത്തു നിൽക്കുവാൻ യോഗ്യരല്ല എന്നു മനസ്സിലാകും.

അവൻ കർത്താവിനെ അന്വേഷിച്ച് അങ്ങോട്ട് ചെന്ന് സമീപിച്ചു. അത് നാം അനുകരിക്കേണ്ട ഒരു കാര്യമാണ്. നാം കർത്താവിനെ അന്വേഷിച്ചു കണ്ടെത്തണം. അവനെ കാണുവാനാഗ്രഹിച്ചന്വേഷിച്ചാൽ നമുക്കും കണ്ടെത്താം. നാം അവനോടടുക്കണം. അവൻ കർത്താവിനെ കണ്ടപ്പോൾ മുട്ടുകുത്തി. നാം അതുപോലെ ദൈവമുമ്പാകെ താഴ്മയോടുകൂടെ മുട്ടുമടക്കണം. തന്നെ സാഷ്ടാംഗപ്രമാണം ചെയ്യണം. നിഗളത്തോടും പ്രശംസയോടും തന്റെ സ്ഥാനത്തെയും, സമ്പത്തിനേയും ഓർത്തുകൊണ്ട് ഞെളിഞ്ഞും നിവർന്നുനിന്നും പരീശനേപ്പോലെ കർത്താവിനെ വിളിക്കരുത്. മുട്ടുകുത്തി വണങ്ങി കർത്താവിനെ വിളിക്കുക, അവൻ കേൾക്കും.

അവൻ 'നല്ല ഗുരോ' എന്നു കർത്താവിനെ വിളിച്ചു. അപ്പോൾ കർത്താവ് ചോദിക്കുന്നു: നീ എന്നെ നല്ലവനെന്നു വിളിക്കുന്നതെന്ത്? നല്ലവൻ ഒന്നേയുള്ളു, അത് ദൈവമാണ്. താൻ ദൈവമാണെന്നറിഞ്ഞു തന്നെയാണോ അവൻ 'നല്ല ഗുരോ' എന്നുതന്നെ സംബോധന ചെയ്യുന്നതെന്ന് കർത്താവിനറിയണം, അല്ലാതെ താൻ ദൈവമല്ലാഞ്ഞിട്ടോ നല്ലവനല്ലാഞ്ഞിട്ടോ അല്ല. അങ്ങനെ ചോദിച്ചത്. അനേകതെറ്റുകളിലും പാപങ്ങളിലും വീഴുന്നവരാണ് മനുഷ്യരെല്ലാം. നല്ലവരാരുമില്ല, ഒരുത്തൻ പോലുമില്ല (സങ്കീ. 14:3). എല്ലാവരും ഒരുപോലെ തെറ്റി കൊള്ളരുതാത്തവരായിപ്പോയി. നല്ലവൻ ദൈവം മാത്രമേയുള്ളു.

നിത്യജീവനെ പ്രാവിപ്പാനുള്ള ആത്മാർത്ഥമായ ആഗ്രഹം അവനുണ്ടായിരുന്നത് എത്രയോ ആദരണീയമാണ്. ചിലർക്ക് താല്ക്കാലിക ജീവിതത്തിലെ സുഖങ്ങളും ഇമ്പങ്ങളും മതി. 'അടുത്ത ലോകത്തിന്റെ കാര്യം എന്താണ് നിശ്ചയം? ഈ ലോകം ഉള്ളതാണ്, നിശ്ചയമുണ്ട്. അതിന്റെ സുഖങ്ങളും ഇമ്പങ്ങളും അനുഭവിച്ചേക്കാം' എന്ന മനോഭാവത്തോടുകൂടെ എത്രയോ പേർ ജീവിക്കുന്നു. ഈ ആളാകട്ടെ അതിൽ നിന്നു ഒരുപടി ഉയർന്ന് മരണാനന്തരം ജീവിതം തുടരുന്നു. നിത്യമായൊരു ജീവനുണ്ട് എന്നു അറിഞ്ഞ് വിശ്വസിക്കുന്നു. അതിനാഗ്രഹിക്കയും ചെയ്യുന്നു. അത് പ്രാപിപ്പാനാഗ്രഹിക്കുന്നു. അതിനുള്ള മാർഗ്ഗം അന്വേഷിക്കുന്നു. അയാൾ പുരോഗമനത്തിന്റെ പന്ഥാവിലാണ്. നമ്മിൽ പലരും അവിടംവരെ എത്തിയിട്ടില്ല.

കർത്താവ് അവനടോ: "നീ കല്പ്പനകളെ പ്രമാണിക്ക് എന്നു പറയുന്നു. അവൻ: അന്വേഷണബുദ്ധിയും നമുക്കുണ്ടാകണം. അയാൾക്കതുണ്ടായല്ലോ അതെത്ര നല്ല കാര്യം. കല്പ്പനകൾ ഏവയാണെന്ന് കർത്താവ് പറഞ്ഞുകൊടുത്തു. അവ കേട്ടപ്പോൾ: 'ഞാൻ എന്റെ ബാല്യംമുതൽ ഇവയെല്ലാം അനുഷ്ഠിച്ചുപോരുന്നു' എന്നയാൾ മറുപടി പറഞ്ഞു. അയാൾ എത്ര യോഗ്യൻ! എത്ര മാന്യൻ! നമുക്കതുപോലെ കർത്താവിന്റെ മുമ്പിൽ പറയാൻ കഴിയുമോ? 'കർത്താവേ, ഞാന് െന്റെ ബാല്യം മുതൽ അറിഞ്ഞിട്ടുള്ള കല്പ്പനകളെ അനുഷ്ഠിക്കാതെ ലംഘിച്ചുപോരുന്നു' എന്നല്ലാതെ ഞാനും നിങ്ങളും പറയുവാൻ തുനിയുമോ? അങ്ങനെയെങ്കിൽ അയാൾ നമ്മളേക്കാൾ എത്ര മാന്യനാണ്. എത്ര ഉയർന്ന അദ്ധ്യാത്മിക നിലവാരത്തിലെത്തിയവനാണ്? നമ്മൾ അവനെ പുച്ഛിക്കരുത്. മോശക്കാരനെന്ന് വിളിക്കരുത് നമ്മേക്കാൾ വളരെ മെച്ചപ്പെട്ടവനാണവൻ.

യാത്രവിവരണം

# വി. ഗ്രന്ഥവും വി. നാടുകളും

കെ.ഒ. ഫിലിപ്പ് കൈപ്പൂർ

**പത്രോസിന്റെ സാർവ്വപ്രമുഖ ദൈവാലയം (Church of Thr Primacy of St. Peter)**

തബ്ഗാ ദൈവാലയത്തിൽനിന്നും 300 മീറ്റർ കിഴക്കായി സ്ഥിതിചെയ്യുന്നു ഈ ദൈവാലയം. *"അവർ ഭക്ഷണം കഴിച്ചശേഷംസ യേശു ശെമഒാൻ കീപ്പായോട്, യൗനാന്റെ മകനായ ശെമഓനെ ഇവരെക്കാൾ കൂടുതലായി എന്നെ നീ സ്നേഹിക്കുന്നുവോ?" എന്ന് ചോദിച്ചു. ഉവ്വ് കർത്താവേ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു എന്ന് അവിടുത്തേക്ക് അറിയാമല്ലോ, എന്ന് പറഞ്ഞു. താൻ അവനോട്, നീ എനിക്കായി എന്റെ കുഞ്ഞാടുകളെ മേയിക്കുക എന്ന് പറഞ്ഞു (യോഹ. 21:15-17). യേശു ഇപ്രകാരം ശെമഓൻ കീപായോട് മൂന്നു പ്രാവശ്യം ചോദിക്കുകയും ഓരോ പ്രാവശ്യവും എനിക്കായി എന്റെ കുഞ്ഞാടുകളെ മേയിക്കുക, എനിക്കായി എന്റെ പെണ്ണാടുകളെ മേയിക്കുക, എനിക്കായി എന്റെ ആടുകളെ മേയിക്കുക എന്ന് കല്പിച്ചു.* ('സത്യവേദപുസ്തക'ത്തിൽ "എനിക്കായി" എന്ന വാക്ക് ഇല്ല). പത്രോസിന് സഭയെ ഭരിപ്പാനും, സഭയിലെ ആടുകളെയും, പെണ്ണാടുകളെയും കുഞ്ഞാടുകളെയും (പുരുഷന്മാരേയും, സ്ത്രീകളേയും, കുഞ്ഞുങ്ങളേയും എന്നർത്ഥം) മേയിപ്പാനും ഉള്ള അധികാരം കൊടുക്കുകയും ചെയ്തു. ഗുരുവിനെ മൂന്ന് പ്രാവശ്യം തള്ളിപറഞ്ഞ പത്രോസ് യേശുവിനോടുള്ള സ്നേഹത്തെ മൂന്നു പ്രാവശ്യം തന്നെ ഏറ്റു പറഞ്ഞ് ഉറപ്പിക്കുകയും കർത്താവ് മൂന്നു പ്രാവശ്യവും മേൽപറഞ്ഞ ചുമതല അവനെ ഏല്പിക്കുകയും ചെയ്തു.

"പതിവ്രതയാം പരിപാവന സഭയെ വാനോൻ കാന്തൻ വേട്ടൊരു നേരം

ശീമോൻ യോഹന്നാനെന്നിവരെയാഹ്വാനം ചെയ്തേൽപ്പിച്ചേവം

വീടിൻ ഭരണം ശീമോനെ, സുവിശേഷം യോഹന്നാനെ കല്പ്പിച്ചാൻ വിലയേറിടും

രക്തത്താൻ ഞാൻ വാങ്ങിയൊരിസ്സഭയെ നിങ്ങൾ സംരക്ഷിപ്പീൻ"

പത്രോസിനെ തന്റെ സഭയെന്ന ഭവനത്തിന്റെ കാര്യവിചാരകനാക്കി തീർക്കുകയും അങ്ങനെ പെട്രാ (ഗ്രീക്ക്-പാറ) എന്ന് നാമകരണം ചെയ്യുകയും ചെയ്തു. ഇപ്രകാരം പത്രോസിനോട് കല്പിച്ചരുളിച്ചെയ്ത സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന ദൈവാലയമാണ് പത്രോസിന്റെ സാർവ്വപ്രമുഖ ദൈവാലയം എന്നറിയപ്പെടുന്നത്. റോമാ സഭയുടെ അധീനതിയിൽ ഉള്ള ഫ്രാൻസിസ്ക്കൻ സന്യാസിമാരുടെ കീഴിലാണ് ഈ പള്ളി. നാലാം നൂറ്റാണ്ടിൽ ഉണ്ടായിരുന്ന ദൈവാലയത്തിന്റെ അതേ സ്ഥാനത്തു തന്നെ നിർമ്മിച്ചവയാണ് ഇപ്പോൾ കാണുന്ന പള്ളി. 1938-ൽ പണി കഴിപ്പിച്ച ഈ പള്ളി കറുത്ത പാറക്കല്ലുകൾകൊണ്ട് നിർമ്മിച്ചിരിക്കുന്നു.

യേശുവിന്റെ ഉയർപ്പിനുശേഷം മൂന്നാം പ്രാവശ്യം ശിഷ്യന്മാർക്ക് പ്രത്യക്ഷനായത് ശിഷ്യന്മാർ മീൻ പിടിച്ചുകൊണ്ടിരുന്ന സമയത്തായിരുന്നു. മീൻ കിട്ടാതെ വിഷമിച്ചുകൊണ്ടിരുന്ന അവരോട്, പടകിന്റെ വലത് ഭാഗത്ത് വല വീശുവാൻ പറഞ്ഞു. വലിച്ചുകയറ്റുവാൻ കഴിയാതെവണ്ണം മത്സ്യങ്ങൾ ലഭിച്ചു. പിടിച്ചതിൽ കുറെ എടുത്ത് പാകം ചെയ്ത്, യേശു ശിഷ്യന്മാരോടൊപ്പം ഭക്ഷിച്ചു (യോഹ. 21 അദ്ധ്യായം). ഒരു പാറമേൽ ഇരുന്നു ഭക്ഷിച്ച് പാനം ചെയ്തു എന്ന് വിശ്വസിച്ചുവരുന്നു. ഈ പാറ ഈ ദൈവാലയത്തിന്റെ നടുവിലായി കാണപ്പെടുന്നു. ക്രിസ്തുവിന്റെ മേശ എന്നർത്ഥം വരുന്ന "മെൻസാക്രിസ്റ്റി' (**Mensa Christi**) എന്ന പേരിൽ ഈ പാറ അറിയപ്പെടുന്നു.

**ഗോലാൻ കുന്നുകൾ (Golan Heights)**

യാത്രക്കിടയിൽ ഗലീലാക്കടലിന്റെ അക്കരെയായി ഗോലാൻ കുന്നുകൾ ദീർഘദൂരത്തിൽ കാണാമായിരുന്നു. 12 യിസ്രായേൽ ഗോത്രങ്ങളിൽ, മനശ്ശെക്ക് ലഭിച്ച സ്ഥലമാണ്, ഗോലാൻ (യോശു. 20:8; ആവ. 4:43). പത്തു പട്ടണങ്ങൾ അവിടെയുണ്ടായിരുന്നു. "ദെക്കെപ്പോലീസ്" എന്ന് ഇവയെ അറിയപ്പെട്ടിരുന്നു. എസ്രാസ് മ്ദീനോസോ- (മർ. 5:20). എന്നാൽ പിൽക്കാലത്ത് ഈ പട്ടണങ്ങൾ നാമാവിശേഷമായിപ്പോയി. ഈ പത്തു പട്ടണങ്ങൾ: ഫിലദൽഫിയ, റഫാനാ, കനാത്ത, ഹിപ്പോസ്, ദിയോൻ, ഗദറാ, പെല്ലാ സ്ക്കീത്തോപ്പോലീസ്, ഗറസാ, ദമസ്ക്കോസ് എന്നിവയാണ്. ഇവയൊന്നും അടുത്തടുത്ത പട്ടണങ്ങളും ആയിരുന്നില്ല. യവന പാരമ്പര്യമുള്ള പ്രദേശങ്ങൾ ആയിരുന്നു ഇവ. ഗോലാൻ കുന്നുകൾക്ക് അപ്പുറം, പരന്നുകിടക്കുന്ന ഗോലാൻ പീഠഭൂമിയാണ്. 1967 ൽ യിസ്രായേൽ സിറിയയിൽനിന്നും പിടിച്ചെടുത്ത ഗോലാൻ വിട്ടുകൊടുക്കുന്നതിനെപ്പറ്റിയുള്ള ചർച്ചകൾ നടക്കുകയാണല്ലോ ഇപ്പോൾ.

**മഗ്ദല (Magdala)**

മഗ്ദലന മറിയത്തിന്റെ ജന്മംകൊണ്ട് ഈ പട്ടണം ശ്രദ്ധിക്കപ്പെടുന്നു. ഗലീല കടലിനു പടിഞ്ഞാറായും കഫർനഹൂമിന് തെക്കായും ഇത് സ്ഥിതിചെയ്യുന്നു. (തിബര്യാസിൽ നിന്ന് 7 കി.മീ. വടക്കായിട്ടും). കർത്താവിന്റെ കാലത്ത് ഒരു വലിയ പട്ടണവും വാണിജ്യ കേന്ദ്രവുമായിരുന്നു. ഗലീല കടലിൽ നിന്ന് പിടിച്ചെടുക്കുന്ന മീൻ ഉണക്കി കയറ്റുമതി ചെയ്തിരുന്ന സ്ഥലമായിരുന്നു ഇത്. ഇന്ന് എല്ലാം ശൂന്യമായി കിടക്കുന്നു.

മഗ്ദലന മറിയം ഒരു ധനികയായിരുന്നു (ലൂക്കോ. 8:2). യേശുവിന്റെ ക്രൂശീകരണത്തിന് സാക്ഷ്യം വഹിച്ചു (യോഹ. 19:25). യേശു ഉയർത്തെഴുന്നേറ്റു എന്ന പരമാർത്ഥം മാലാഖമരിൽ നിന്ന് നേരിട്ട് അറിയുവാനുള്ള ഭാഗ്യം ലഭിച്ചു (യോഹ. 20:12). ഉയിർത്തെ

# കണ്ടനാട് പടിയോല

ഷെവ. പി.കെ. പൗലോസ് കൂരൻ

സഭയുടെ വിശ്വാസപരവും ഭരണപരവും കൂദാശപരമായ കാര്യനിശ്ചയങ്ങൾക്കായി കൂടുന്ന പള്ളികളുടെ മലങ്കരസഭയിലെ ആദ്യത്തെ പടിയോല കൂനൻകുരിശ് സത്യത്തെ തുടർന്ന് 1653 മകരം 3 വെള്ളിയാഴ്ച എഴുതിയതായിരുന്നു. "നമ്മളും നമ്മുടെ അനന്തരവരും ഉള്ളകാലം പറങ്കി മെത്രാനേയും അവരുടെ വേദത്തെയും എടുക്കുകയില്ല. എന്നാലോ ശുദ്ധമാന പാത്രിയർക്കീസ് ബാവയെയും ബാവയെ വഴങ്ങുന്ന പൊതിമാടൻ ചെമ്മായിയെ നാം വഴങ്ങി പൊറുക്കുമെന്നും നാം സത്യം ചെയ്ത് ഈ പടിയോല നാം എഴുതുന്നു. ഇത് പട്ടാങ്ങയാലെ സത്യം" ഇതായിരുന്നു ആദ്യത്തെ പടിയോല. അങ്കമാലി പടിയോല (1762 കുംഭം 1) മാവേലിക്കര പടിയോല (1836 മകരം 5) കല്ലുങ്കത്ര പടിയോല (1843 കന്നി 3 വെള്ളിയാഴ്ച) എന്നിവ മലങ്കര സഭാചരിത്രത്തിലെ സുപ്രധാന പടിയോലകൾ ആണ്.

ഏഴാം മർത്തോമ മെത്രപ്പോലീത്തായുടെ നല്പതടിയന്തിരത്തിന് ശേഷം കണ്ടനാട് പള്ളിയിൽവച്ച് 1809 ചിങ്ങം ഒന്നിന് (ആഗസ്റ്റ് 13) എഴുതിയതാണ് കണ്ടനാട് പടിയോല. ഏഴാം മർത്തോമ 1809 മിഥുനം 20 ന് കണ്ടനാട് പള്ളിയിൽവച്ച് കാലം ചെയ്തു എങ്കിലും കോലഞ്ചേരി പള്ളിയിൽ കാണാനില്ല. എന്തുസംഭവിച്ചു എന്ന് അറിയില്ല. സുറിയാനി ക്രിസ്ത്യനികളുടെ മതപരവും സാമൂഹ്യവും ആയ എല്ലാ കാര്യങ്ങളും ഈ പടിയോലയിൽ നിന്നും മനസ്സിലാക്കാം. വൈദീക വിദ്യാഭ്യാസം ഏകീകരിക്കുവാൻ വൈദീക സെമിനാരികൾ (പഠിത്യവീടുകൾ) വേണമെന്നും, കൂദാശകളുടെ ഐകരൂപത്തിനായി തക്സ പള്ളികളിൽ ഉപയോഗിക്കണമെന്നും നിശ്ചയിച്ചത് ഈ യോഗത്തിലാണ്. അന്നത്തെ ഭാഷരീതിയും പ്രയോഗങ്ങളും ഈ പടിയോലയിൽ നിന്ന് മനസ്സിലാക്കാം.

**പടിയോല**

ആദിയും അറുതിയും ഇല്ലാത്ത കാതൽത്യം തിങ്ങപ്പെട്ട തമ്പുരാന്റെ തിരുനാമത്തിലെ പട്ടാങ്ങപ്പെട്ട വിശ്വാസത്തിന്റെ വർദ്ധിപ്പിന് തമ്പുരാന്റെ മനഗുണത്താലെ നമ്മുടെ പരിഷയ്ക്ക് നെറിവിനൂടെ നിലയും ഒരുമ്പാടും ഉണ്ടാകുവാനും അന്ത്യോഖ്യായുടെ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ കൈവാഴ്ചയിൽ ഉള്ള മലങ്കരെ എടവകയുടെ മാർത്തോമാ മെത്രാച്ചന്റെ കീഴ്വഴങ്ങപ്പെട്ട സുറിയാനിക്കാരെ അങ്കമാലി മുതൽ മലങ്കര പള്ളിക്കാരെ എല്ലാവരും കണ്ടനാട് പള്ളിയിൽകൂടി. മേൽ നടക്കേണ്ടും ക്രമങ്ങൾക്കും മര്യാകൾക്കും നുമ്പുള്ള ബാവമാരെ നമ്മെ പടിപ്പിച്ചു എന്നപോലെ നടക്കുന്നതിന് മ്ശിഹാ പിറന്നിട്ട് 1809 കാലം കൊല്ലം 985 ചിങ്ങമാസം 1–ാം തീയതി എഴുതിവച്ച പടിയോലായാവിതു.

1. മത – ഉണ്ണികൾ പിറന്നാൾ 90 ദിവസിക്കകം മാമ്മോദീസ മുക്കുകയും,

2. മത – പൈതങ്ങൾ ആകാശങ്ങളിൽ ഇരിക്കുന്നതും, നന്മനിറഞ്ഞ മറിയയും, വിശ്വസിക്കുന്നതും, ഞാൻ പിഴയാളിയും, പ്രമാണങ്ങളും ശാപമോഷങ്ങളും, കൂദാശകളും, കല്പനകളും, മനഗുണപ്രവർത്തികളും, പടിക്കുകയും,

3. മത – കുരിശ് മണി നേരത്ത് പതിനൊന്ന് നന്മനിറഞ്ഞ മറിയവും, ഒരാകാശങ്ങളിലികരിക്കുന്നതും, ചൊല്ലുകയും, കൗമപ്പടി നമസ്കാരം പടിച്ച വീട്ടുംജനങ്ങൾ എല്ലാവരും കൂടി അന്തിയിലും മയ്യലിലും കൂടി നമസ്കരിക്കുകയും,

4. മത – ഞായറാഴ്ചയിലും പെരുന്നാളുകളിലും എല്ലാവരും പള്ളിയിൽനിന്ന് കുറുബാന കാണുകയും ദൂരപ്പെട്ടവർ വീട്ടുക്കു ഒരുത്തരയാങ്കിലും വന്ന് കുറുബാന കാൺകയും,

5. മത – കല്പിക്കപ്പെട്ട നുയമ്പുകൾ അഞ്ചും നോക്കുകയും, 25 നുയമ്പിലും, 50 നുയമ്പിലും, കുമ്പസാരിച്ച് കുറുബാന കൊള്ളുകയും രോഗപ്പെട്ടവർ നുയമ്പ് നോക്കുന്നതിന് വശമില്ലായെന്ന് വിഗാരിക്കും ദേശത്തു പട്ടക്കാർക്കും ബോധം വന്നാൽ അനുവാദം പോലെ നടന്നു കൊൾകയും,

6. മത – പെണ്ണുങ്ങളെ പതിനാല വയസ്സിനകം കെട്ടിയക്കയും പെണ്ണു കെട്ടുന്നതിന്റെ തലേ ഞായറാഴ്ച പള്ളിയിൽ വന്ന് നമസ്കാരങ്ങൾ കെൾപ്പിച്ച് കുമ്പ

---

ഴുന്നേറ്റ കർത്താവ് ആദ്യം പ്രത്യക്ഷപ്പെട്ടതും മറിയം മഗ്ദലനക്ക് തന്നെ (മർ. 16:6).

"ഒന്നാം നാളിൽ രാവിലെ മറിയാം പോയ് കബറിങ്കൽ

വാതിൽക്കല്ലുൽ പാടിതമായെന്നീക്ഷിച്ചപ്പോൾ
ആനന്ദത്താൽ യോഹന്നാൻ ശീമോനിവർ തന്റെ
ചാരേ ചെന്നിട്ടാവൃത്താന്തം ബോധിപ്പിച്ചാൾ"

ഏഴു ഭൂതങ്ങൾ വിട്ടുപോയ മഗ്ദലക്കാരി മറിയ എന്ന് ലൂക്കോസ് 8-ന്റെ 2-ൽ പരാമർശിക്കുന്ന സ്ത്രീ ഈ മറിയ തന്നെയാവണം. നാലു സുവിഷശേഷങ്ങളിലും ഈ മറിയയെപ്പറ്റി പരാമർശിക്കുന്നുണ്ട്.

മഗ്ദലയിൽ തന്നെ രണ്ട് മറിയമാർ ഉണ്ടായിരുന്നതായി ചരിത്രകാരനായ യവുസേബിയോസ് പറയുന്നുണ്ട്. സമൂഹം പാപിനിയെന്ന് മുദ്രകുത്തിയ മറിയം. ഈ മറിയതന്നെ ആണെന്ന് തീർത്തും പറഞ്ഞുകൂടാ എന്ന് ചില വേദപണ്ഡിതർ അഭിപ്രായപ്പെടുന്നുണ്ട. ഈ മറിയം യേശുവിന്റെ ഉപദേശങ്ങളിൽ ആകൃഷ്ടയായി അവനെയും ശിഷ്യന്മാരെയും അനുഗമിച്ച വിശുദ്ധജീവിതം നയിച്ചു. ഇന്ന് മഗ്ദല എന്ന സ്ഥലം 'തരിക്കെയെ' എന്നറിയപ്പെടുന്നു.

തുടരും...

സാരിക്കയും, തലെ ഞായറാഴ്ചതന്നെ വിളിച്ചു ചൊല്ലുകയും പെണ്ണുകെട്ടുന്നതിന് തെക്കെ ദിക്കിൽ ചെറുക്കന് ഒരു കുരിശും, മൂന്ന് മൊടുകും പെണ്ണിന് കാതിലയും തളയും, മൂന്ന് കൂട്ടം കാശും, ഒറ്റഴയും രണ്ട് കഴുന്തു കൊന്തയും ഇടുകയും - വടക്കെ ദിക്കിൽ ചെറുക്കന് ഒരു കുരിശും ഏഴ് മുടകും, അരഞ്ഞാണവും, നെറ്റിപ്പട്ടവും, പെണ്ണിനു കാതിലയും, തളയും കൈക്കാറയും തോൾ വളയും, നെറ്റിപ്പട്ടവും കഴുത്തിൽ ഏഴ് ഉരുയ പൊന്നും ഇടുകയും പെണ്ണുകെട്ടി കരെറിയാൽ ഞായറാഴ്ച ഒരു നേരെത്തെ വിരുന്ന് കൊടുക്കയും, കുടിവച്ചാൽ ഒരു നേരത്തെ വിരുന്ന് കൊടുക്കയും കുറുബാനയ്ക്ക് മുമ്പെ പള്ളിയിൽ പെണ്ണുകെട്ടുകാരെ വരികയും കുമ്പസാരിച്ച് കെട്ടിപ്പാൻ തുടങ്ങുമ്പോൾ മുമ്പും, പിറകും തർക്കിക്കുന്ന കാര്യം മര്യാദ അല്ലാത്ത താക കൊണ്ടും കൂദാശകൾക്കും തമ്പുരാന്റെ മനഗുണങ്ങൾക്കും ഭേദഭേദം ഇല്ലാത്തതാകെ കൊണ്ട് വയസ്സു മൂപ്പുപോലെ നിറുത്തി കെട്ടിച്ചു കൊൾകയും, പിറ്റെ ഞായറാഴ്ചയ്ക്കകം കുടിവയ്ക്കുകയും വിരുന്ന് കൂടാതെ തിരണ്ടു കുളിക്കയും പുളികുടിയും കഴിച്ചു കൊൾകയും പാവൂസാ പഴക്കായും ഓണപുടകയും കൊടുക്കാതെയും,

7. മത - പട്ടക്കാര് നേരവും കൂടി നമസ്കരിച്ച് പള്ളിയിൽ പാർക്കയും, മദ്യപാനം ചെയ്യാതെയും നാലു പേർ കൂടുന്ന ഗുണദോഷങ്ങൾക്ക് മാപ്പിളമാരു മദ്യപാനം ചെയ്യാതെയും രണ്ടു പട്ടക്കാര് പള്ളിയിൽ ഞായറാഴ്ചക്കും പെരുന്നാൾക്കും കാലത്തും ഉച്ചപാർത്തും കുറുബാന ചൊല്ലുകയും പള്ളികളിൽ പട്ടക്കാർക്ക് പസാരം കൊടുക്കുകയും,

8. മത - തെക്കും വടക്കും രണ്ട് പടുത്ത വീട്ടിൽ ഒരോ മല്പാന്മാരെ ഇരുന്ന പൈതങ്ങളെയും, ശെമ്മാശന്മാരെയും, പടിപ്പിക്കയും പള്ളികളിൽ നിന്ന വരിയിട്ട് എടുത്ത അവർക്കു വെണ്ടുന്നത് ആണ്ടുതോറും കൊടുക്കയും, പട്ടക്കാരെ പള്ളിക്കടുത്ത ക്രമങ്ങൾ ഒക്കെയും തഴക്കി കുറവുതീർത്ത് മല്പാന്മാരുടെ എഴുത്ത എജമാനസ്ഥാനത്ത കൊണ്ടുവന്ന കൊടുത്ത കൂദാശ പ്രവൃത്തികൾക്കു അനുവാദം വാങ്ങിച്ചു കൊൾകയും,

9. മത - പള്ളി മര്യാദകളു നടത്തേണ്ടതിന് ആണ്ട് തക്സാക്രമം പെടുത്തിച്ച് പൊസ്ഥകം പള്ളിക്കാര്യത്തിൽ നിന്നും വാങ്ങിച്ച് കൊൾകയും,

10. മത - എല്ലാ പള്ളികളിലും തിര തൂക്കുകയും 16 പേരെ തിരഞ്ഞെടുത്ത് അവരുടെ പേർക്ക് മുറി എഴുതി നടയിൽ വച്ച് അതിൽ നാലു മുറി എടുത്ത് വരുന്ന ആളെ ഒരു വൽസ്സരം കൈസ്ഥാനം നടന്ന് പന്തിയും പന്തിചിലവും ഇട്ടശേഷമുള്ളതിന് യോഗത്തെ ബോധിപ്പിപ്പിച്ച് ചില വർത്ത ആണ്ടു തികയുമ്പോൾ, വിഗാരിയെയും യോഗത്തെയും ബോധിപ്പിച്ച് മുതൽ ചിലവിന്റെ കണക്ക് എഴുതി തീർത്ത് ഇരിപ്പുള്ള പണവും, കെട്ടി വൈപ്പിച്ച് കൈസ്ഥാനവും മാറ്റി വീണ്ടും മുറിയിട്ട് എടുത്തുവരുന്ന ആളിന്റെ പറ്റിൽ പണവും മുണ്ടുമുറിയും പെട്ടി പ്രമാണവും ശേഷമുള്ള മുതൽ കാര്യങ്ങളും ഏല്പ്പിച്ച് മേമ്പൂട്ടിൽ വച്ച് എജമാനന്റെ ആളായിട്ടു എടവക പട്ടക്കാരിൽ ഒരുത്തനെ നിശ്ചയിച്ചതിൽ രണ്ടുപേരും തിരട്ടും പടിയോലയും കണക്കും അതിനോടുകൂടെ വച്ച് മൂന്ന് പൂട്ടും പൂട്ടി സൂക്ഷിച്ച് കൊൾക്കയും ആ വക പൂട്ടിൽനിന്നും എടുത്ത് ചെലവാക്കേണ്ടും നാളിൽ എജമാനത്തെയും വിഗാരിയെയും യോഗത്തെയും ബോധിപ്പിച്ച് ചിലവിട്ടു കൊൾകയും,

11. മത - പതിനാറ് പേര് പ്രാപ്തിയുള്ളവരില്ലാത്ത പള്ളികളിൽ നാലു പേരായിട്ടു എങ്കിലും എഴുതിവെച്ച് നടത്തി കൊൾകയും കൈസ്ഥാനച്ചീട്ടിൽ ഉൾപ്പെട്ട ആളുകളെയും വിഗാരിയും എടവക പട്ടക്കാരും കൂടി നിരുവിച്ച് യോഗകുറി എഴുതുകയും യോഗകാര്യവും വിചാരിച്ചു കൊൾകയും,

12. മത - നമസ്കാരവും കുറുബാനയും മാമ്മോദീസയും ചെങ്കെട്ടും, യൽദായും, ദെനഹായും, ഒശാനയും ദുഃഖവെള്ളിയാഴ്ചയും, കൃംന്തായും പന്തികുസ്തിയും യാക്കോബായക്കാരായ സുറിയാനിക്കാരുടെ ക്രമത്തിനു നടന്നുകൊൾകയും, ഈ എഴുതിവച്ച ക്രമങ്ങൾ ഒന്നിനും ഭേദം വരുത്താതെ നടന്നുകൊള്ളുമാറും ആയതിന് ഭേദം വരുത്തി നടക്കുന്നുവെങ്കിൽ പള്ളിയുടെ പുറത്തു നിന്ന് കല്പിച്ച് ചെയ്യുന്ന ശിക്ഷയും, അനുസരിച്ച് കല്പിയ്ക്കുംവണ്ണം പ്രായചിത്തവും ചെയ്ത് വീണ്ടും ഈ എഴുതിവച്ചതിയണ്ണവും നടന്നുകൊള്ളുമാറും സമ്മതിച്ച് ഈ പടിയോല എഴുതിവച്ച് അങ്കമാലി പള്ളി മുതൽ പെർശേഷം 54 പള്ളിക്കാരും കൂടി എഴുതിവെച്ച പടിയോല.

ഇതിൻമ്മണ്ണം പടിയോലയും എഴുതിവച്ച് മെത്രാനെ മോതിരവും ഇടുവിട്ട് അയിമൊത്യമായി കുന്ദംകുളങ്ങര പുലിക്കോട്ടിൽ യൗസേഫ് കശിശ്ശയ്ക്ക് റെമ്പസുഖം കൊടുത്തു. ഫിലിപ്പോസ് റമ്പാനും ഇവരു രണ്ട് പേരും മെത്രാന്റെ അടുക്കൽ പാർക്കതെക്കവണ്ണവും പറഞ്ഞ് വച്ച് അയിമൊത്യമായി പിരിയുകയും ചെയ്തു.

തുടരും...

## തെരഞ്ഞെടുത്തു



നാഷനൽ വൈഡർ എക്യുമനിക്കൽ അലയൻസ് പത്തനംതിട്ട ജില്ലാ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട ജോസ് പനച്ചയ്ക്കൽ (എം.ജെ.എസ്.എസ്.എ. കേന്ദ്ര കമ്മറ്റി അംഗം, വിശ്വാസ സംരക്ഷണസമിതി തുമ്പമൺ ഭദ്രാസന സെക്രട്ടറി, ഭദ്രാസന കൗൺസിൽ മെമ്പർ, ജെ.എസ്. വി.ബി.എസ്. തെക്കൻ മേഖലാ കൺവീനർ തുടങ്ങിയ മേഖലകളിലും, രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക സംഘടനകളിലും പ്രവർത്തിക്കുന്നു.

# യേശുവിന്റെ ദൈവത്വം വേദതെളിവിലൂടെ...

**യഹൂദന്മാരും യഹോവസാക്ഷ്യകളും മുസ്ലീങ്ങളും ക്രിസ്തുവിനെ ദൈവമായി അംഗീകരിക്കുന്നില്ല. ക്രിസ്തുവിനെതിരെ പ്രചരണം നടത്തുകയും ചെയ്യുന്നു.**

**യേശുക്രിസ്തുവിന്റെ സാക്ഷ്യം**

1. കർത്താവു പറഞ്ഞു ‘എന്റെ പിതാവ് ഇന്നുവരെയും പ്രവർത്തിക്കുന്നു, ഞാനും പ്രവർത്തിക്കുന്നു’ (വി. യോഹ. 5:17) ഇത് കേട്ടപ്പോൾ യഹൂദന്മാർ ‘ദൈവം സ്വന്ത പിതാവെന്ന് പറഞ്ഞുകൊണ്ട് തന്നെത്താൻ ദൈവത്തോടു സമമാക്കിയതുകൊണ്ടും, യഹൂദന്മാർ അവനെ കൊല്ലുവാൻ അധികമായി ശ്രമിച്ചുപോന്നു’ (വി. യോഹ. 5:18).

2. ‘ഞാൻ ജീവന്റെ അപ്പമാകുന്നു എന്റെ അടുക്കൽ വരുന്നവന് വിശക്കുകയില്ല. എന്നിൽ വിശ്വസിക്കുന്നവന് ഒരിക്കലും ദാഹിക്കുകയുമില്ല’ (വി. യോഹ. 6:51) അവന്റെ ശിഷ്യന്മാരിൽ പലരും അത് കേട്ടിട്ടു ‘ഇത് കഠിനവാക്ക് ഇത് ആർക്ക് കേൾപ്പാൻ കഴിയുമെന്ന് പറഞ്ഞു (വി. യോഹ. 6:60).

3. ‘നിങ്ങളിൽ ആര് എന്നെ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നു? ഞാൻ സത്യം പറയുന്നു എങ്കിൽ നിങ്ങൾ എന്നെ വിശ്വസിക്കാത്തതെന്ത്? (വി. യോഹ. 8:46). ‘എന്നെ അയച്ചവൻ എന്നോടുകൂടെയുണ്ട്, ഞാൻ എല്ലായ്പ്പോഴും അവന് പ്രസാദമുള്ളത് ചെയ്യുന്നതുകൊണ്ട് അവൻ എന്നെ ഏകനായി വിട്ടിട്ടില്ല (വി. യോഹ. 8:29). പാപമില്ലാത്തവൻ എന്ന പറയുമ്പോൾ തെറ്റൊന്നുമില്ലെന്ന് മാത്രമല്ല നന്മ എല്ലായ്പ്പോഴും ഉണ്ടായിരിക്കുന്ന അവസ്ഥയും കൂടെയാണ്. പാപരഹിതനായവൻ ദൈവം മാത്രമായതിനാൽ യേശുക്രിസ്തു ദൈവമാണ്.

4. ‘ആമ്മീൻ ആമ്മീൻ ഞാൻ നിങ്ങളോട് പറയുന്നു; അബ്രഹാം ജനിച്ചതിനു മുമ്പേ ഞാൻ ഉണ്ട്’ (വി. യോഹ. 8:58). ദൈവം മാത്രമാണ് നിത്യൻ മറ്റാർക്കും നിത്യതയില്ല. അതിനാൽ നിത്യനായ യേശുക്രിസ്തു ദൈവമാണ്.

5. ‘ഞാനും പിതാവും ഒന്നാകുന്നു’ (വി. യോഹ. 10:30). എന്ന് കർത്താവ് പറഞ്ഞതിനാൽ യഹൂദന്മാർ തന്നെ എറിവാൻ കല്ലെടുത്തു (വി. യോഹ. 10:31). അവർ പറഞ്ഞു നല്ല പ്രവൃത്തികൾ നിമിത്തമല്ല, ദൈവദൂഷണം നിമിത്തവും, നീ മനുഷ്യനായിരിക്കെ, നിന്നെത്തന്നെ ദൈവമാക്കുന്നതുകൊണ്ടു മാത്രം ഞങ്ങൾ നിന്നെ കല്ലെറിയുന്നത് (യോഹ. 10:33). അതിന് ഉത്തരമായി കർത്താവ് ‘ഞാൻ എന്റെ പിതാവിന്റെ പ്രവൃത്തികൾ ചെയ്യുന്നില്ലെങ്കിൽ എന്നിൽ വിശ്വസിക്കേണ്ട’ (യോഹ. 10:37).

6. ‘ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു’. എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ വെളിച്ചമുള്ളവനാകും (വി. യോഹ. 8:12). ‘ഞാൻ തന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും’ (വി. യോഹ. 11:25) ദൈവത്തിനുമാത്രമേ ഇതു പറയുവാൻ കഴിയു.

7. കർത്താവ് ഫിലിപ്പോസിനോടു ‘എന്നെ കണ്ടിരിക്കുന്നവൻ പിതാവിനെ കണ്ടിരിക്കുന്നു. പിന്നെ പിതാവിനെ ഞങ്ങൾക്ക് കാണിച്ചു തരണമെന്ന് നീ പറയുന്നതെങ്ങനെ? (വി. യോഹ. 14:9). അതിനാൽ യേശുക്രിസ്തു പിതാവിനെപോലെയാണ്.

8. ‘ഒരുവൻ എന്നിലും ഞാൻ അവനിലും വസിക്കുന്നു എങ്കിൽ, അവൻ വളരെ ഫലം കായ്ക്കും എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല’ (വി. യോഹ. 15:5). ഇതിന്റെ അർത്ഥം യേശുക്രിസ്തു ദൈവമാണെന്നാണ്.

9. ‘എന്റെ കർത്താവും എന്റെ ദൈവവുമേ’ എന്ന് തോമ്മാ ശ്ലീഹാ കർത്താവിനോട് പറഞ്ഞപ്പോൾ കർത്താവ് ഉത്തരമായി’ നീ എന്നെ കണ്ടതുകൊണ്ട് വിശ്വസിച്ചു. കാണാതെ വിശ്വസിച്ചവർ ഭാഗ്യവാന്മാർ (വി. യോഹ. 20:29).

10. കർത്താവ് സ്നാനം കഴിപ്പിക്കുന്നതിനുള്ള ആജ്ഞ നല്കിയപ്പോൾ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം നല്കുവാനാണ് പറഞ്ഞത്. നാമങ്ങളിൽ എന്നല്ല പറഞ്ഞത് മൂവരും ചേർന്ന് ഒരാളുടെ നാമത്തിൽ എന്നാണ് പറയുന്നത്. അങ്ങനെ മൂവരും ചേർന്ന ത്രിത്വമെന്ന ആശയമുണ്ടായി.

**വി. യോഹന്നാൻ ശ്ലീഹായുടെ സാക്ഷ്യം**

‘ആദിയിൽ വചനം ഉണ്ടായിരുന്നു. വചനം ദൈവത്തോടുകൂടെയായിരുന്നു. വചനം ദൈവമായിരുന്നു’ (വി. യോഹ. 1:1). വചനമെന്ന് പറയുന്നത് യേശുക്രിസ്തുവിനെക്കുറിച്ചാണ്. യേശുക്രിസ്തു ദൈവമാണ്.

‘ഞാൻ തന്നെ ആൽഫയും ഒമേഗായും, ആദിയും അന്തവുമാകുന്നു’ (വെളി. 22:13). ആൽഫയും ഒമേഗായും ഗ്രീക്കു ഭാഷയുടെ അക്ഷരമാലയിലെ ആദ്യത്തെയും അവസാനത്തെയും അക്ഷരങ്ങളാണ്. അതിനാൽ ആദിയും അന്തവുമെന്ന അർത്ഥമാണ് ഇതിനുള്ളത്. ഈ വിശേഷണം ദൈവത്തിന് മാത്രമാണുള്ളത്. ഉദാഹരണമായി വെളിപാട് 1:8 നോക്കുക. ‘ഞാൻ ആൽഫയും ഒമേഗയുമാകുന്നു എന്ന് ഇരുന്നവനും ഇരിക്കുന്നവനും വരുന്നവനുമായി സർവ്വശക്തിയുള്ള ദൈവമായ കർത്താവ് അരുളിച്ചെയ്യുന്നു. അതിനാൽ യേശുക്രിസ്തു ദൈവമാകുന്നു.

**വി. പൗലോസിന്റെ സാക്ഷ്യം**

വി. പൗലോസ് ‘കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും’ (റോമ. 1:4). അതിനാൽ യേശുക്രിസ്തു ദൈവമാണ്.

ത്രിത്വത്തിൽ ഒരുവനായിട്ടാണ് വി. പൗലോസ് യേശുക്രിസ്തുവിനെക്കുറിച്ച് പറയുന്നത്. കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും, ദൈവത്തിന്റെ സ്നേഹവും പരിശുദ്ധമാത്മാവിന്റെ കൂട്ടായ്മയും, നിങ്ങളോടുകൂടെ ഇരിക്കുമാറാകട്ടെ (കൊര് 13:14).

വി. തീമോത്തിയോസിന് വി. പൗലോസ് എഴുതിയ ലേഖനത്തിൽ ‘യേശുക്രിസ്തുവിനെ സാക്ഷിവച്ചു ഞാൻ നിന്നോടു ആജ്ഞാപിക്കുന്നു. ധന്യനായ ഏകാധിപതിയും കർത്താധികർത്താവും, താൻമാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും, മനുഷ്യർ ആരും കാണാത്തവനും കാണുവാൻ വഹിയാത്തവനുമായവൻ, തക്ക സമയത്ത് അപ്രത്യക്ഷത (1 തിമോ. 6:15-16) എന്ന ദൈവീക സ്വഭാവം വെളിപ്പെടുത്തുന്നു.’

**യോഹന്നാൻ സ്നാപകന്റെ സാക്ഷ്യം**

‘ആരുടെമേൽ, പരിശുദ്ധാത്മാവ് ഇറങ്ങുന്നുവോ ആയവൻ പരിശുദ്ധാത്മാവാൽ സ്നാനം കഴിപ്പിക്കുന്നവനാണ്.’ പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ആവസിച്ചു. ‘ഇതാ ലോകത്തിന്റെ പാപത്തെ വഹിക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്’ (യോഹ. 1:29).

**വനിതാപംക്തി**

# സ്ത്രീകളും അല്പവസ്ത്രധാരണവും - ഫാ. ഡാർളി

വസ്ത്രമധികമില്ലാതെ വസ്ത്രധാരണം ചെയ്യുവാൻ ഇന്നത്തെ സമൂഹം പഠിച്ചിരിക്കുന്നു. പ്രായഭേദമില്ലാതെ പല വനിതകളും വസ്ത്രധാരണത്തിൽ പിശുക്കു പുലർത്തുന്നുണ്ട്. ദൈവമന്ദിരമാകേണ്ട ശരീരം ഒരു പ്രദർശന ശാലയാക്കാനാണവർക്ക് ഇഷ്ടം. നിർഭാഗ്യകരമെന്ന് പറയട്ടെ, ക്രൈസ്തവസഭകളിലും ഈ അശുദ്ധി ഒഴുകിയെത്തിയിരിക്കുന്നു. പെന്തക്കൊസ്തു സഭകളിലാണ് ഈ സാംക്രമിക രോഗം കൂടുതൽ സന്നിവേശിക്കപ്പെട്ടിരിക്കുന്നു. ആഭരണത്തിന്റെ ന്യൂനത നികത്താനാണോ ഇമ്മാതിരി ചെപ്പടി വിദ്യകൾ എന്ന് തോന്നിപ്പോകുന്നു.

ചിലർ ശ്രദ്ധാകേന്ദ്രമാകാൻ മിനിമം വസ്ത്രം ധരിക്കുന്നു. മറ്റുചിലർ യുവതികൾ ശരീരഘടന വെളിവാക്കുന്ന ബനിയൻ ധരിക്കുന്നു. വേറെ ചിലർ തരുണികൾ സുതാര്യമായ വസ്തരം ധരിക്കുന്നതിൽ ആനന്ദം കണ്ടെത്തുന്നു. തുണി ഉടുത്തുവെന്ന് വരുത്തിത്തീ ർത്ത് തടി മുഴുവൻ തനിമയോടെ കാഴ്ചവയ്ക്കുന്നു. സന്ദർശകരെ ആകർഷിച്ചടുപ്പിക്കുവാൻ ചായക്കടയിൽ പലഹാരങ്ങൾ ചില്ലലമാരയിൽ സൂക്ഷിച്ചുവയ് ക്കുന്നതുപോലെ. ചിലരാകട്ടെ ഉചിതമായ രീതിയിൽ ഉത്തരീയം ഉപയോഗിക്കാതെ ലജ്ജയായതിൽ മാനം തേടുന്നു. ഷാളിന്റെ വീതി കുറയുകയും സ്ഥാനം മാറി ചുമലിനു മുകളിലോ കഴുത്തിനു ചുറ്റുമോ ആയിത്തീർന്നിരിക്കുന്നു. ചിലർ ഉടുത്തൊരുങ്ങിയാൽ അലങ്കരിച്ചുയർത്തിയ ക്രിസ്മസ്ട്രീയുടെ മോഡലാണ്. തൊങ്ങലും തോരണങ്ങളും പതിപ്പിച്ചതും മുത്തുമണികളും മരതകമിറ്റുകളും പിടിപ്പിച്ചതുമായ വസ്ത്രങ്ങൾ ഉപയോഗിക്കുന്നു.

കംഗാരുവിന്റെ വാലുപോലെ തന്നെയാണ് ചിലരുടെ വിവാഹവസ്ത്രം. കാലിനു പിന്നിലേക്ക് നീണ്ടു തറയിൽ കിടന്നു വലിയുന്ന വസ്ത്രം കണ്ടാൽ ശിലാഹൃദയനു പോലും സഹതാപം തോന്നും. മാറിടം മാന്യമായി മറയ്ക്കാതെ മണവാട്ടിവേഷത്തിൽ എത്തുന്ന യുവതികൾ അറപ്പും വെറുപ്പും ഉളവാക്കുന്നു.

ഒരു പരിധിവരെ ഇതിനു കാരണക്കാർ മാതാപിതാക്കൾ തന്നെയാണ്. നെറ്റിപ്പട്ടം കെട്ടിയ ആനയെ ഉത്സവപ്പറമ്പിലേക്ക് എഴുന്നള്ളിക്കുന്നതുപോലെ പല രക്ഷിതാക്കളും കോമാളിവേഷം കെട്ടിയിരിക്കുന്ന സന്താനങ്ങളെ അന്യരുടെ മുമ്പിലേക്ക് എഴുന്നള്ളിക്കുകയാണ്. പഠന, ജോലിസ്ഥലങ്ങളിലെ സുഹൃത്തുക്കളുമായുള്ള സഹവർത്തിത്വം, മാധ്യമങ്ങളുടെ സ്വാധീനം വിദേശവാസം എന്നിവ വികലമായ വേഷം കെട്ടലിന് വഴിതെളിയിക്കുന്ന ഘടകങ്ങളാണ്.

ക്രൈസ്തവവനിതകൾ ഇറുകിയതും സുതാര്യമായ തുണികൾ വർജ്ജിക്കുകയും വേണം. മേൽപ്പുടവ മാന്യമായി ധരിക്കുകയും ഇറക്കം കുറഞ്ഞ വസ്ത്രങ്ങൾ ഒഴിവാക്കുകയും വേണം. വിലയേറിയതും ആഡംബരസൂചകങ്ങളുമായ വേഷഭൂഷാദികൾ ആത്മീയർ വെടിയണം. എതിർലിംഗത്തിൽപെട്ടവർക്ക് ആസക്തിയുണ്ടാക്കാത്ത തരത്തിലാവണം വിശ്വാസികളുടെ വസ്ത്രധാരണം. തങ്ങൾ വസ്ത്രം ധരിച്ചിരിക്കുന്ന രീതി മറ്റൊരുവന്റെ ആത്മീയ ജീവിതത്തിന് അപായം ഉണ്ടാക്കുമോ എന്നറിയാൻ ഒരുങ്ങിയിറങ്ങുന്നതിന് മുമ്പ് നിലക്കണ്ണാടിയുടെ മുമ്പിൽ ഒന്ന് പരിശോധിക്കുന്നത് നന്നായിരിക്കും. കഴിയുന്നതും വെള്ളയേ ഇളം നിറത്തിലുള്ളതോ ആയ വസ്ത്രം ധരിക്കണം.

വൈദികരും, പാസ്റ്റർമാരും, സുവിശേഷകരും വസ്ത്രധാരണത്തിലെ മാന്യതയെപ്പറ്റി സഭാജനങ്ങളെ ബോധവത്ക്കരിക്കേണ്ടതും സണ്ടേസ്കൂൾ ക്ലാസ്സുകളിലും യുവജന യോഗങ്ങളിലും മർത്തമറിയം സമാജത്തിലും ഉത്ബോധനങ്ങൾ യഥാവസരം നൽകേണ്ടതുമാണ്. എല്ലാറ്റിനുമുപരി തങ്ങളുടെ മക്കളെ മാന്യമായി വസ്ത്രം ധരിക്കാൻ ചെറുപ്പം മുതൽ പരിശീലിപ്പിക്കണം. വസ്ത്രം നാണം മറയ്ക്കാനുള്ളതാണെന്ന് ദൈവം വെളിപ്പെടുത്തി (ഉല്പത്തി 3:21). വസ്ത്രധാരണത്തിന്റെ മാന്യതയെക്കുറിച്ചറിയുന്നതിന് ഒന്ന് പത്രോസ് 3:4 സഹായകരമാണ്. ആരാധനായ്ക്കായി ദൈവാലയത്തിൽ വരുന്ന സ്ത്രീകൾ മറ്റുള്ളവരുടെ ഏകാഗ്രത നഷ്ടപ്പെടുത്താതെ ഭക്തിക്കും വിനായാന്വിതരായി സൃഷ്ടിതാവിൻ കീഴ്പ്പെടണം.

## സൺഡേസ്കൂൾ തുമ്പമൺ ഭദ്രാസന അധ്യാപക സെമിനാർ

എം.ജെ.എസ്.എസ്.എ. തുമ്പമൺ ഭദ്രാസന അധ്യാപക ഏകദിന സെമിനാർ സെപ്റ്റംബർ 21ന് റാന്നി സെന്റ് മേരീസ് സിംഹാസനപള്ളിയിൽ നടത്തപ്പെട്ടു. വന്ദ്യ തെങ്ങുംതറയിൽ ഗീവറുഗീസ് റമ്പാൻ വി. കുർബാന അർപ്പിച്ചു. വന്ദ്യ. തേക്കാട്ടിൽ റ്റി.സി. ഏബ്രഹാം കോറെപ്പിസ് കോപ്പായുടെ അദ്ധ്യക്ഷതയിൽ വന്ദ്യ ഗിവറുഗീസ് റമ്പാൻ ഉദ്ഘാടനം ചെയ്തു. ഫാ. ഇ.കെ. കുറിയാക്കോസ് ഇലമിനാമണ്ണിൽ, ഫാ. പി.എം. ഫിലിപ്പ്, എം.ജെ.എസ്.എസ്.എ. സെക്രട്ടറി ഡോ. ജോസ് കൈപ്പള്ളിൽ എന്നിവർ പ്രസംഗിച്ചു. ക്നാനായ അതിഭദ്രാസന മിഷൻ ഡയറക്ടർ ഫാ. ഡോ. എ.റ്റി. ഏബ്രഹാം ആലുംമൂട്ടിൽ 'പഴയനിയമം' അടിസ്ഥാനമാക്കി ക്ലാസ്സെടുത്തു. അവാർഡുദാന സമ്മേളനം വന്ദ്യ. റ്റി.വി. തോമസ് തറയിൽ കോറെപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്തു. ഫാ. ജോസഫ് വറുഗീസ്, ഫാ. ഡോ. ബെൻസി മാത്യു, ഫാ. സാം ജി. വറുഗീസ്, ഷെവ. റ്റി. മാത്യു, ജോസ് പനച്ചയ്ക്കൽ, റോയ്സ് മാത്യു, ജേക്കബ് മാത്യു, അനിയൻ കുര്യൻ, ഷാജി തേക്കാട്ടിൽ, ബിൻസി മാത്യു എന്നിവർ



പ്രസംഗിച്ചു. ജെ.എസ്.എസ്.എൽ.സി പരീക്ഷയിൽ ഉന്നതവിജയം നേടിയ കുമാരി ബിനു ജോയിക്കുട്ടി, അഖില മലങ്കര ബാലപ്രതിഭ കുമാരി ജിൻസി ജോസഫ്, അഖില മലങ്കരയിൽ 8-ാം ക്ലാസ്സിൽ കൂടുതൽ മാർക്കുനേടിയ മാസ്റ്റർ ജോസഫ് സാമുവേൽ എന്നിവർ അനുമോദനത്തിനു മറുപടി നല്കി. 120ൽപരം അധ്യാപകർ പങ്കെടുത്തു.

# വാർത്തകൾ

## മാർ ക്ലിമ്മിസ് അധ്വാനിച്ചത് സമൂഹ നന്മയ്ക്കായി: മന്ത്രി ജോസഫ്

കോട്ടയം: സമൂഹത്തിന്റെ നേട്ടത്തിനുവേണ്ടി കഠിനാധ്വാനം ചെയ്ത ആത്മീയ പിതാവായിരുന്നു എബ്രഹാം മാർ ക്ലിമ്മിസ് വലിയ മെത്രാപ്പോലീത്തയെന്നു മന്ത്രി പി.ജെ. ജോസഫ്. കാലംചെയ്ത എബ്രഹാം മാർ ക്ലിമ്മിസ് വലിയ മെത്രാപ്പോലീത്തയുടെ ഏഴാം ശ്രാദ്ധപ്പെരുന്നാളിനോട് അനുബന്ധിച്ചു നടന്ന അനുസ്മരണ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ആത്മീയ നേതാവായിരിക്കുമ്പോൾ തന്നെ ജനകീയനും സാമൂഹിക പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്ന വ്യക്തിയുമായിരുന്നു വലിയ മെത്രാപ്പോലീത്തയെന്നു മുഖ്യപ്രഭാഷണം നടത്തിയ ആർ. ബാലകൃഷ്ണ പിള്ള അനുസ്മരിച്ചു. സ്വസമുദായത്തിന്റെ മാത്രമല്ല, ഇതര സമുദായങ്ങളുടെ കൂടി ഉന്നമനം ലക്ഷ്യമാക്കി അദ്ദേഹം പ്രവർത്തിച്ചു. മൂല്യച്യുതിയുടെ ഈ കാലഘട്ടത്തിൽ വലിയ മെത്രാപ്പോലീത്തയുടെ വചനങ്ങൾക്കു പുനർവായന നൽകണമെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച ആർച്ച് ബിഷപ്പ് കുര്യാക്കോസ് മാർ സേവേറിയോസ് പറഞ്ഞു.

ജോസ് കെ. മാണി, എം.പി. കുര്യാക്കോസ് മാർ ഗ്രിഗോറിയോസ്, കുര്യാക്കോസ് മാർ ഇവാനിയോസ്, ഫാ. രാജൻ എബ്രഹാം കുളമടയിൽ, ഫാ. സി.സി. ഏലിയാസ് ചാത്തമല, സ്കറിയ തോമസ്, രെഞ്ചു ചാക്കോ കോഴിമറ്റം എന്നിവർ പ്രസംഗിച്ചു.

## മെൽബെൺ യാക്കോബായ പള്ളിയിൽ വി. ദൈവമാതാവിന്റെ ജനനപ്പെരുന്നാൾ ആഘോഷം

ആസ്ട്രേലിയ: മെൽബെൺ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനിപ്പള്ളിയിൽ എട്ടുനോമ്പാചരണവും പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളും ആഘോഷപൂർവ്വം നടത്തപ്പെട്ടു. സെപ്റ്റംബർ 1 മുതൽ 8 വരെ തീയതികളിൽ എല്ലാദിവസവും വി. കുർബാനയും സുവിശേഷപ്രസംഗവും, ധ്യാനവും പള്ളിയിൽവച്ച് വൈകിട്ട് 7.30 ക്ക് നടത്തപ്പെട്ടു. മെൽബെണിലെ വി. മാതാവിന്റെ ജനനപ്പെരുന്നാളായ എട്ടുനോമ്പുപെരുന്നാൾ ആഘോഷിക്കുന്ന ഏക ദേവാലയമായ സെന്റ് ജോർജ് യാക്കോബായ സുറിയാനിപ്പള്ളിയിലെ പെരുന്നാൾ സമാപനദിനമായ സെപ്റ്റംബർ 13 ന് ഞായറാഴ്ച 3 മണിക്ക് സെന്റ് അഫ്രേം സിറിയൻ ഓർത്തഡോക്സ് ദേവാലയത്തിൽ (2,4 ജോഫ്രി സ്ട്രീറ്റ് റിസർവോയർ) വച്ച് വികാരി ഫാ. ബോബി തോമസ്സിന്റെ പ്രധാന കാർമീകത്വത്തിൽ വി. കുർബാനയും ദൈവമാതാവിനോടുള്ള പ്രത്യേക മദ്ധ്യസ്ഥപ്രാർത്ഥന, പ്രദക്ഷിണം, ആശീർവാദം, നേർച്ചവിളമ്പ് എന്നീ പരിപാടികളോടുകൂടി പെരുന്നാൾ സമാപിച്ചു. വികാരി ഫാ. ബോബി തോമസ് (0423736872), ട്രെസ്റ്റി ജോ വർഗ്ഗീസ് (0439613536), സെക്രട്ടറി തോമസ് എബ്രഹാം (സജി കരുത്തനത്ത്) (0422010298), നേത്രത്ത്വത്തിൽ കമ്മറ്റി പ്രവർത്തിച്ചു.

## പരിശുദ്ധ വലിയ തിരുമേനിയുടെ നാമം അഞ്ചാം തുബ്ദേനിൽ



കൊച്ചി: പരിശുദ്ധ പൗലോസ് മോർ അത്താനാസിയോസ് വലിയ തിരുമേനിയുടെ നാമം വി. കുർബാനയിലെ അഞ്ചാം തുബ്ദേനിൽ ഉൾപ്പെടുത്തി.

ഇതു സംബന്ധിച്ചു പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ കല്പന പുറപ്പെടുവിച്ചു. യാക്കോബായ സഭയിലെ എല്ലാ പള്ളികളിലും കുർബാനയിൽ ഇനിമുതൽ ആലുവായിലെ വലിയ തിരുമേനിയുടെ നാമം ഓർമ്മിക്കപ്പെടും. തുബ്ദേനിൽ ചേർക്കപ്പെടുന്ന രണ്ടാമത്തെ തദ്ദേശീയനാണ് പരി. അത്താനാസിയോസ് പരി. പരുമല തിരുമേനിയാണ് മറ്റൊരാൾ.

അകപ്പറമ്പ് മോർ ശാബോർ അഫ്രോത്ത് ഇടവകയിൽ തെക്കേക്കരയിൽ മത്തായി-പൈനാടത്ത് കുറ്റിക്കാട്ടിൽ അന്ന ദമ്പതികളുടെ മകനായി 1869 ജനുവരി 23നാണ് മോർ അത്താനാസിയോസ് ജനിച്ചത്. പരുമല തിരുമേനിയിൽ നിന്നാണ് മോർ അത്താനാസിയോസ്.

വൈദിക പട്ടവും റമ്പാൻ സ്ഥാനവും സ്വീകരിച്ചത്. പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അബ്ദുൾ അലോഹോ മെത്രാപ്പോലീത്തയായി വാഴിച്ചു. 1977 ൽ മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുക്കപ്പെട്ടു. 35 വർഷം സഭയുടെ പ്രാദേശിക തലവനായിരുന്നു. മലങ്കര സൺഡേസ്കൂൾ അസോസിയേഷനും മോർ ഗ്രിഗോറിയോസ് വിദ്യാർത്ഥി പ്രസ്ഥാനത്തിനും തുടക്കം കുറിച്ചു. പരി. അപ്രേം പാത്രിയർക്കീസ് ബാവ 'വിശ്വാസസംരക്ഷകൻ' എന്ന സ്ഥാനം നല്കി. 2004 ഓഗസ്റ്റ് 19ന് ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവയാണ് മോർ അത്താനാസിയോസിനെ വിശുദ്ധ പദവിയിലേക്ക് ഉയർത്തിയത്. പരുമല തിരുമേനിയുടെ ശിഷ്യന്മാരിൽ പ്രമുഖനായിരുന്ന വലിയ തിരുമേനി 1953 ജനുവരി 26ന് കാലംചെയ്ത് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങി. പരിശുദ്ധന്റെ സ്ഥാനാരോഹണ ശതാബ്ദി വർഷമാണിത്.

Kundara
2009 October 10
YAKKOOMYAN
Reg. No. 2939/76.Postal Regn. KL/QN./271/2008-10



ചിങ്ങവനം ദയറാ പള്ളിയിൽ എബ്രഹാം മാർ ക്ലിമ്മീസ് വലിയ മെത്രാപ്പോലീത്തയുടെ ശ്രാദ്ധപ്പെരുനാളിനോട് അനുബന്ധിച്ചു നടന്ന അനുസ്മരണ സമ്മേളനം മന്ത്രി പി.ജെ. ജോസഫ് ഉദ്ഘാടനം ചെയ്യുന്നു. ഫാ. രാജൻ എബ്രഹാം, സ്കറിയ തോമസ്, ആർച്ച് ബിഷപ് കുര്യാക്കോസ് മാർ സേവേറിയോസ്, കുര്യാക്കോസ് മാർ ഗ്രിഗോറിയോസ്, കുര്യാക്കോസ് മാർ ഇവാനിയോസ്, ഫാ. സി.സി. ഏലിയാസ് ചാത്തമല സമീപം.

# BOOK POST

Printed Matter

If undelivered please return to
Chev. K.J. Abraham Kodiyattu
Managing Editor
Yakkoobyan - Monthly
Tiruvalla P.O., PTA Dist.,
Kerala, S. India

To

Sri/Smt. ..........................................................................

...............................................................................................

...............................................................................................

...............................................................................................

Printed and published by: S.O.S.S. Printed at Puthethu Offset Printers, Kallissery, Tel: 0479 2426561, Mag. Editor: Chev. K.J. Abraham Kodiattu, Tel: 0469 2601005, Chief Editor: (Hony) Fr. Koshy P. George. Tel: 0468 2286465, Editor: (Hony). Alexandar Karakkad, Tel: 0479 2424177 (R), Mob: 94461 88030 (M) website:www.yakkoobyan.org